C i
XIV
130

N12<526908642 021 LS
ubTÜBINGEN

C. WEISS Buchbinder.

The Malayalim Almanac 1866

മലയാള പഞ്ചാംഗം

൧൮൬൬

CALENDAR FOR 1866

1866	Sun.	Mon.	Tues.	Wed.	Th.	Fri.	Sat.	1866	Sun.	Mon.	Tues.	Wed.	Th.	Fri.	Sat.
JAN.	..	1	2	3	4	5	6	JULY	1	2	3	4	5	6	7
	7	8	9	10	11	12	13		8	9	10	11	12	13	14
	14	15	16	17	18	19	20		15	16	17	18	19	20	21
	21	22	23	24	25	26	27		22	23	24	25	26	27	28
	28	29	30	31	..	..	..		29	30	31	..	..	..	..
FEB.	..	..	..	..	1	2	3	AUG.	..	..	..	1	2	3	4
	4	5	6	7	8	9	10		5	6	7	8	9	10	11
	11	12	13	14	15	16	17		12	13	14	15	16	17	18
	18	19	20	21	22	23	24		19	20	21	22	23	24	25
	25	26	27	28	..	..	..		26	27	28	29	30	31	..
MARCH	..	..	..	..	1	2	3	SEPT.	..	..	..	..	..	..	1
	4	5	6	7	8	9	10		2	3	4	5	6	7	8
	11	12	13	14	15	16	17		9	10	11	12	13	14	15
	18	19	20	21	22	23	24		16	17	18	19	20	21	22
	25	26	27	28	29	30	31		23	24	25	26	27	28	29
	..	..	..	..	..	..	..		30	..	..	..	..	..	..
APRIL	1	2	3	4	5	6	7	OCT.	..	1	2	3	4	5	6
	8	9	10	11	12	13	14		7	8	9	10	11	12	13
	15	16	17	18	19	20	21		14	15	16	17	18	19	20
	22	23	24	25	26	27	28		21	22	23	24	25	26	27
	29	30	..	..	..	..	..		28	29	30	31	..	..	..
MAY	..	..	1	2	3	4	5	NOV.	..	..	..	..	1	2	3
	6	7	8	9	10	11	12		4	5	6	7	8	9	10
	13	14	15	16	17	18	19		11	12	13	14	15	16	17
	20	21	22	23	24	25	26		18	19	20	21	22	23	24
	27	28	29	30	31	..	..		25	26	27	28	29	30	..
JUNE	..	..	..	..	..	1	2	DEC.	..	..	..	..	..	..	1
	3	4	5	6	7	8	9		2	3	4	5	6	7	8
	10	11	12	13	14	15	16		9	10	11	12	13	14	15
	17	18	19	20	21	22	23		16	17	18	19	20	21	22
	24	25	26	27	28	29	30		23	24	25	26	27	28	29
	..	..	..	..	..	..	..		30	31	..	..	..	..	..

MANGALORE
PFLEIDERER & RIEHM, MISSION BOOKSHOP.

K. UNIV. BIBL. TÜBINGEN

The

Malayalim Almanac

1866

K. UNIV. BIBL. TÜBINGEN

മലയാള പഞ്ചാംഗം

൧൮൬൬

ശാലിവാഹന ശകം	൧൭൮൭	,,	൧൭൮൮
വിക്രമാദിത്യ ശകം	൧൯൨൨	,,	൧൯൨൩
കൊല്ലവൎഷം	൧൦൪൧	,,	൧൦൪൨
മഹമ്മദവൎഷം	൧൨൮൨	,,	൧൨൮൩
ഫസലിവൎഷം	൧൨൭൫	,,	൧൨൭൬
യഹൂദവൎഷം	൫൬൨൬	,,	൫൬൨൭

MANGALORE:

PRINTED BY PLEBST & STOLZ, BASEL MISSION PRESS.

Ci XIV 130

൨ യഹൊവാ എന്റെ ഇടയൻ ആകുന്നു എനിക്ക മുട്ടുണ്ടാകയില്ല. സങ്കി. ൨൩, ൧.

കുഡുംബാചാരവെപ്പുകൾ.

ദൈവഭയം ജ്ഞാനത്തിന്റെ ആരംഭവും മരണക്കണികളൊട്ട
അകലുവാൻ തക്ക ജീവനുറവും ആകുന്നു.

ഞാനും എന്റെ ഭവനവും ദൈവത്തെ സെവിക്കും.

പുരുഷന്മാരെ, സ്വഭാൎയ്യമാരെ നിങ്ങളുടെ ശരീരങ്ങളെ പൊലെ സ്നെഹിപ്പിൻ. സ്വഭാൎയ്യയെ സ്നെഹിക്കുന്നവൻ തന്നെ അത്രെ സ്നെഹിക്കുന്നുള്ളു.

സ്ത്രീകളെ, കൎത്താവിന്നു എന്ന പൊലെ സ്വഭൎത്താക്കന്മാൎക്ക കീഴടങ്ങുവിൻ; കാരണം ഭൎത്താവു സ്ത്രീയുടെ തല ആകുന്നു. സ്ത്രീകൾക്കു അലങ്കാരമൊ പുരികുന്തൽ, സ്വൎണ്ണാഭരണം വസ്ത്രധാരണം ഇത്യാദി പുറമെയുള്ളതല്ല, ദൈവത്തിന്നു വിലയെറിയതായി സൌമ്യതയും സാവധാനവുമുള്ള ഒർ ആത്മാവിന്റെ കെടായ്മയിൽ ഹൃദയത്തിന്റെ ഗൂഢ മനുഷ്യനത്രെ അലങ്കാരമാവു ഇപ്രകാരമല്ലൊ പണ്ടു ദൈവത്തിൽ ആശ വെച്ചു സ്വഭൎത്താക്കന്മാൎക്ക അടങ്ങി വിശുദ്ധ സ്ത്രീകൾ തങ്ങളെ തന്നെ അലങ്കരിച്ചത.

മക്കളെ, നിങ്ങളുടെ പിതാക്കളെ കൎത്താവിൽ അനുസരിച്ചിരിപ്പിൻ. ഇതല്ലൊ ന്യായം ആകുന്നു. നിന്റെ അഛ്ശനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തം കൂടിയ ആദ്യ കല്പന ആകുന്നു.

അഛ്ശന്മാരെ, നിങ്ങളുടെ മക്കളെ കൊപിപ്പിക്കാതെ കൎത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യൊപദെശത്തിലും പൊറ്റി വളൎത്തുവിൻ.

ദാസന്മാരെ, ക്രിസ്തനെ പൊലെ തന്നെ, ജഡപ്രകാരം ഉടയവരെ ഹൃദയത്തിൻ ഏകാഗ്രതയിൽ ഭയത്തൊടും വിറയലൊടും അനുസരിച്ചിരിപ്പിൻ. മനുഷ്യരെ രസിപ്പിക്കുന്ന ദൃഷ്ടി സെവയാൽ അല്ല, ക്രിസ്തന്റെ ദാസരായി, ദൈവെഷ്ടത്തെ ചെയ്തും, മനസ്സാലെ മനുഷ്യൎക്ക എന്നല്ല, കൎത്താവിന്നത്രെ അടിമപ്പെട്ടും അനുരാഗത്തൊടെ സെവിച്ചും കൊണ്ടത്രെ.

യജമാനന്മാരെ, ഭീഷണി വാക്ക ഒഴിച്ചു, ദാസരൊടു അപ്രകാരം തന്നെ ചെയ്വിൻ അവൎക്കും നിങ്ങൾക്കും വാനങ്ങളിൽ യജമാനൻ ഉണ്ടെന്നും അവൻ പക്കൽ മുഖപക്ഷം ഇല്ല എന്നും അറിയാമല്ലൊ.

ചുരുക്കത്തിന്നായി ഇട്ട അടയാളങ്ങളുടെ വിവരം.

ആഴ്ചകൾ.			നക്ഷത്രങ്ങൾ.					
Sun.	„	Sunday.	അ.	„	അശ്വതി.	ചൊ.	„	ചൊതി.
M.	„	Monday.	ഭ.	„	ഭരണി.	വി.	„	വിശാഖം.
Tu.	„	Tuesday.	കാ.	„	കാൎത്തിക.	അ.	„	അനിഴം.
W.	„	Wednesday.	രൊ.	„	രൊഹിണി.	തൃ.	„	തൃക്കെട്ടക.
Th.	„	Thursday.	മ.	„	മകയിര്യം.	മൂ.	„	മൂലം.
F.	„	Friday.	തി.	„	തിരുവാതിര.	പൂ.	„	പൂരാടം.
S.	„	Saturday.	പു.	„	പുണർതം.	ഉ.	„	ഉത്തിരാടം.
ഞ.	„	ഞായറാഴ്ച.	പൂ.	„	പൂയം.	തി.	„	തിരുവൊണം.
തി.	„	തിങ്കൾ.	ആ.	„	ആയില്യം.	അ.	„	അവിട്ടം.
ചൊ.	„	ചൊവ്വ.	മ.	„	മകം.	ച.	„	ചതയം
ബു.	„	ബുധൻ.	പൂ.	„	പൂരം.	പൂ.	„	പൂരുരുട്ടാതി.
വ്യാ.	„	വ്യാഴം.	ഉ.	„	ഉത്രം.	ഉ.	„	ഉത്രട്ടാതി.
വെ.	„	വെള്ളി.	അ.	„	അത്തം.	രെ.	„	രെവതി.
ശ.	„	ശനി.	ചി.	„	ചിത്ര.			

തി ഥി ക ൾ.

പ്ര.	„	പ്രതിപദം.	ന.	„	നവമി.
ദ്വി.	„	ദ്വിതീയ.	ദ.	„	ദശമി.
തൃ.	„	തൃതീയ.	ഏ.	„	ഏകാദശി.
ച.	„	ചതുൎത്ഥി	ദ്വാ.	„	ദ്വാദശി.
പ.	„	പഞ്ചമി.	ത്ര.	„	ത്രയൊദശി.
ഷ.	„	ഷഷ്ഠി.	ച.	„	ചതുൎദ്ദശി.
സ.	„	സപ്തമി.	വ.	„	വാവു.
അ.	„	അഷ്ടമി.	ബ.	„	„

നിന്റെ വിരലുകളുടെ ക്രിയയാകുന്ന നിന്റെ വാനങ്ങളെയും നീ ഒരുക്കിയ ചന്ദ്ര നക്ഷത്രങ്ങളെയും കാണുമ്പൊൾ. മൎത്യനെ നീ ഓൎപ്പാൻ അവൻ എന്താകുന്നു. അവനെ സന്ദൎശിപ്പാൻ മനുഷ്യപുത്രൻ എമ്മാത്രം. ദൈവത്വത്തിലും അല്പം മാത്രം നീ അവനെ താഴ്ത്തി തെജസ്സും പ്രഭയും അവനെ ചൂടുമാറാക്കി ഇരിക്കുന്നു. സങ്കീ. ൮, ൩—൫.

യൊജനഃ പാപിലൊകാനാം മന്ത്രാനാം നാനുഗച്ഛതി |
അപരാധീ മനുഷ്യാനാം മാൎഗ്ഗെചനഹിതിഷ്ഠതി ||
ഏകാസനെ ന ചാസ്യെ യൊ നിന്ദകൈൎമ്മാനുഷൈസ്സഹ |
പരന്തു പരമെശസ്യശാസ്ത്രെ യഃ പരിതുഷ്യതി ||
തഥാ ദിവാനിശായാഞ്ച ശാസ്ത്രം യൽ പരമെശിതുഃ |
തദാലൊചയതെ നിത്യംസഏവധന്യ ഉച്യതെ ||
ജലാശയ സമീപെ യഃ പാദപഃ പരിരൊപിതഃ |
അമ്ലാനൈച്ഛദനൈൎയ്യുക്തഃ ഫലകാലെ ഫലത്യപി ||
ശാഖിനസ്തസ്യസാദൃശ്യം സമ്പ്രാപ്നൊതി സമാനവഃ |
തൽകൃതം സകലം കൎമ്മസഫലതാം ഗമിഷ്യതി ||
നപാപിനാം മനുഷ്യാനാം ജായതെ താദൃശീഗതിഃ |
ഭവന്തിതെ നരാസ്തുല്യാവാത സഞ്ചലിതൈസ്തുഷൈഃ ||
വിചാരസന്നിധൌ സ്ഥാതും നഹിശക്യന്തി പാപിനഃ |
പുനീകൃതാം സഭായാം നസ്ഥാതും ശക്യന്തി സാഗസഃ ||
പരെശ ഉത്തമം വെത്തി പന്ഥാനം പുണ്യശാലിനാം |
കിന്തു പാപി മനുഷ്യാനാം പന്ഥാ നാശം ഗമിഷ്യതി ||

മുഹമ്മതകാരുടെ പഞ്ചാംഗം.

ആണ്ടു.	മാസം.	തിയ്യതി.	മാസം.	തിയ്യതി.	മാസം.	തിയ്യതി.
൧൨൮൨	റമുള്ളാൻ	൧	ജനുവരി	൧൮	മകരം	൬
„	ശബ്വാൻ	൧	ഫിബ്രുവരി	൧൭	കുംഭം	൭
„	ദുല്ക്കാദ	൧	മാൎച്ച്	൧൮	മീനം	൬
„	ദുൽഹജ്ജി	൧	ഏപ്രീൽ	൧൭	മെടം	൬
൧൨൮൩	മുഹരം	൧	മെയി	൧൬	എടവം	൪
„	സാഫർ	൧	ജൂൻ	൧൫	മിഥുനം	൨
„	റബെയെല്ലവ്വൽ	൧	ജൂലായി	൧൪	„	൩൧
„	റബെയെൽആഹർ	൧	അഗുസ്തു	൧൩	കൎക്കിടകം	൩൦
„	ജമാദിൻഅവ്വൽ	൧	സെപ്തെംബർ	൧൧	ചിങ്ങം	൨൭
„	ജമാദിൻആഹർ	൧	ഒക്തൊബർ	൧൧	കന്നി	൨൬
„	റജബു	൧	നൊവെംബർ	൯	തുലാം	൨൫
„	ശബാൻ	൧	ദിസെംബർ	൯	വൃശ്ചികം	൨൫

JANUARY. 31 DAYS ☺ പൌൎണ്ണമാസി, ൨. ൩൦ തിയ്യതി.	 മകരം.	ജനുവരി. ൩൧ ദിവസം ● അമാവാസി, ൧൬ തിയ്യതി.

ആത്മാവിൽ ദരിദ്രരായവർ ധന്യർ സ്വൎഗ്ഗരാജ്യം
അവരുടെതു സത്യം. മത്ത. ൫, ൩.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	M	൧	തി		൧൮	തി	൨൧II	ബ	൧൬III	ആണ്ടു പിറപ്പു. ശബാൻ ൧൩.
2	Tu	൨	ചൊ	☺	൨൦	പു	൨൦I	പ്ര	൧൪	൧൭൫൭ കല്കത്താ പിടിച്ചതു.
3	W	൩	ബു		൨൧	പൂ	൨൦=	ദ്വി	൧൨I	ദൈവത്തെ ഭയപ്പെടുകയും രാജാവി
4	Th	൪	വ്യാ		൨൨	ആ	൨൧=	തൃ	൧൧III=	നെ ബഹുമാനിക്കയും വെണം.
5	F	൫	വെ		൨൩	മ	൨൩I=	ച	൧൨III	
6	S	൬	ശ		൨൪	പൂ	൨൬II	പ	൧൪III	പ്രകാശനദിനം.
7	SUN	൭	ഞാ	ധനു.	൨൫	ഉ	൩൦III=	ഷ	൧൯	പ്രകാശനദിനം കഴിഞ്ഞിട്ടു ൧ാം ഞ.
8	M	൮	തി		൨൬	അ	൩൫III	സ	൨൦III	
9	Tu	൯	ചൊ		൨൭	ചി	൪൧I=	അ	൨൬II=	൧൬൪൨ ജ്യോതിശ്ശാസ്ത്രിയായ ഗലി
10	W	൧൦	ബു		൨൮	ചൊ	൪൫=	ന	൩൧II	ലെയൊ മരിച്ചതു.
11	Th	൧൧	വ്യാ		൨൯	വി	൫൨III=	ദ	൩൬I=	നെടിക്കുന്നതിൽ അല്പല്പം സൂക്ഷിച്ചു
12	F	൧൨	വെ		൩൦	അ	൫൭=	ഏ	൪൧	വെക്കുന്നവനു വൎദ്ധ്യകത്തിൽ മുട്ടുണ്ടാ കയില്ല.
13	S	൧൩	ശ		൧	അ	൩I	ദ്വാ	൪൭	മകരസംക്രമണം.
14	SUN	൧൪	ഞാ		൨	തൃ	൯	ത്ര	൪൯	പ്രകാശനദിനം. ക. ൨ാം ഞ.
15	M	൧൫	തി		൩	മൃ	൧൧I=	പ	൫൦II=	൧൭൯൫ മദ്രാശിയിൽ വിദ്യശാല തുട
16	Tu	൧൬	ചൊ	●	൪	പു	൧൩III=	ബ	൫൧III=	ങ്ങിയതു.
17	W	൧൭	ബു		൫	ഉ	൧൫=	പ്ര	൫൧II=	മാഘ മാസാരംഭം പട്ടത്താനം.
18	Th	൧൮	വ്യാ		൬	തി	൧൫I	ദ്വി	൫൦I	റമുള്ളാൻ മാസാരംഭം.
19	F	൧൯	വെ		൭	അ	൧൪I	തൃ	൪൭I=	ചെററിൽ കുത്തുന്ന കൈ ചൊററിലും
20	S	൨൦	ശ		൮	ച	൧൨	ച	൪൩III	കുത്തും.
21	SUN	൨൧	ഞാ		൯	പൂ	൯I	പ	൩൮I=	പ്രകാശനദിനം. ക. ൩ാം ഞ.
22	M	൨൨	തി		൧൦	ഉ	൪II	ഷ	൩൩III	ഷഷ്ഠിവ്രതം. ൧൮൪൯ മുൽത്താൻ പി
23	Tu	൨൩	ചൊ	മകരം.	൧൧	രെ	൧I	സ	൨൭	രഥസപ്തമി. [ടിച്ചതു.
24	W	൨൪	ബു		൧൨	ഭ	൫൮III=	അ	൨൦II	൧൧൧൨ പ്രുശ്യയിലെ മഹാ ഫ്രിദരിക്ക ജ
25	Th	൨൫	വ്യാ		൧൩	കാ	൫൨II	ന	൧൪=	പൌലിന്റെ മാനസാന്തരം. [നിച്ചതു.
26	F	൨൬	വെ		൧൪	രൊ	൪൯I	ദ	൭III=	
27	S	൨൭	ശ		൧൫	മ	൪൪III	ഏ	൫൨II	ഏകാദശിവ്രതം.
28	SUN	൨൮	ഞാ		൧൬	തി	൪൨=	ത്ര	൫൮III=	സപ്തതിദിനം പ്രദൊഷവ്രതം.
29	M	൨൯	തി		൧൭	പു	൪൦I	പ	൫൪=	
30	Tu	൩൦	ചൊ	☺	൧൯	പൂ	൩൯II	വ	൫൧III	൧൬൪൯ ഒന്നാം കരൽ ശിരച്ഛെദം അ
31	W	൩൧	ബു		൧൮	ആ	൩൯III	പ്ര	൫൦II=	നുഭവിച്ചതു.

FEBRUARY.
28 DAYS

കുംഭം.

ഫിബ്രുവരി.
൨൮ ദിവസം.
● അമാവാസി,
൧൫ തിയ്യതി.

ഖെദിക്കുന്നവർ ധന്യർ അവരല്ലൊ ആശ്വ-
സിക്കപ്പെടും. മത്ത. ൫, ൪.

ഇങ്ക്ലീഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	TH	൧	വ്യ		൨൦	മ	൪൧II	ദ്വി	൫൦III	
2	F	൨	വെ		൨൧	പൂ	൪൪I	തൃ	൫൨	മറിയയുടെ ശുദ്ധീകരണം.
3	S	൩	ശ		൨൨	ഉ	൪൭III=	ച	൫൪III	
4	SUN	൪	ഞ		൨൩	അ	൫൨II	പ	൫൮I	ഷഷ്ഠിദിനം.
5	M	൫	തി		൨൪	ചി	൫൭III	പ	൨II	വരവിൽ അധികം ചിലവാക്കാത്തവ
6	TU	൬	ചൊ	മകരം.	൨൫	ചി	൩I=	ഷ	൭=	ന്നു കടം വരാ.
7	W	൭	ബു		൨൬	ചൊ	൯I	സ	൧൨=	
8	TH	൮	വ്യ		൨൭	വി	൧൪=	അ	൧൬III=	൧൫൮൭ സ്കോത്ത രാജ്ഞിയായ മറിയാ
9	F	൯	വെ		൨൮	അ	൨൦I=	ന	൨൧=	ശിരച്ഛെദം അനുഭവിച്ചത.
10	S	൧൦	ശ		൨൯	തൃ	൨൫=	ദ	൨൫	൧൮൪൦ രാജ്ഞിയുടെ വിവാഹം അസ്ത മിച്ച ൪ നാഴികക്ക രവി സംക്രമണം.
11	SUN	൧൧	ഞ		൧	മൂ	൨൯=	ഏ	൨൭III	പഞ്ചദശദിനം ഏകാദശിവ്രതം.
12	M	൧൨	തി		൨	പൂ	൩൨I	ദ്വാ	൨൯III	
13	TU	൧൩	ചൊ		൩	ഉ	൩൪I	ത്ര	൩൦I	പ്രദൊഷം ശിവരാത്രി.
14	W	൧൪	ബു		൪	തി	൩൫III	പ	൩൦I=	നൊമ്പിന്റെ ആരംഭം.
15	TH	൧൫	വ്യ	●	൫	അ	൩൪I=	ബ	൩൭II	൧൬൦൦ ഇങ്ക്ലാന്തിൽ രാജ്യകടം ആരം
16	F	൧൬	വെ		൬	ച	൩൩=	പ്ര	൨൪I	ഫാല്ഗുന മാസാരംഭം. [ഭിച്ചു.
17	S	൧൭	ശ		൭	പൂ	൩൦II	ദ്വി	൧൯III	ശബ്വാൽ മാസാരംഭം.
18	SUN	൧൮	ഞ		൮	ഉ	൨൭I	തൃ	൧൪II	നൊമ്പിൽ ൧ാം ഞ.
19	M	൧൯	തി		൯	രെ	൨൩I	ച	൮II=	നിന്നിൽ അധികം സൌഖ്യമുള്ളവരെ
20	TU	൨൦	ചൊ	കുംഭം.	൧൦	അ	൧൯	പ	൨=	അല്പ ദിനരെ തന്നെ നൊക്കിയാൽ നീ
21	W	൨൧	ബു		൧൧	ഭ	൧൪II	സ	൫൫II=	തൽക്ഷണം ധനവാനാകും.
22	TH	൨൨	വ്യ		൧൨	കാ	൧൦I=	അ	൪൯I	൧൭൩൨ അമെരിക്കകാരനായ വശ
23	F	൨൩	വെ		൧൩	രൊ	൬II	ന	൪൩II	ങ്ടൻ പടനായകർ ജനിച്ചത.
24	S	൨൪	ശ		൧൪	മ	൩I	ദ	൩൮=	മത്തിയ അപ്പൊസ്തലൻ.
25	SUN	൨൫	ഞ		൧൫	തി	III	ഏ	൩൩III=	നൊമ്പിൽ ൨ാം ഞ. ഏകാദശിവ്രതം.
26	M	൨൬	തി		൧൬	പൂ	൫൯II	ദ്വാ	൩൦III	പ്രദൊഷം.
27	TU	൨൭	ചൊ		൧൭	ആ	൫൯I=	ത്ര	൨൮III=	
28	W	൨൮	ബു		൧൮	ആ	=	പ	൨൮=	

MARCH.
31 DAYS

○ പൌൎണ്ണമാസി,
൧. ൩൦ തിയ്യതി.

മീനം.

മാച്ച്.
൩൧ ദിവസം

● അമാവാസി,
൧൬ തിയ്യതി.

സൌമ്യതയുള്ളവർ ധന്യർ അവരല്ലൊ ഭൂമിയെ
അടക്കും. മത്ത. ൫, ൫.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	TH	൧	വ്യാ	○	൧൯	മ	൨=	ബ	൨൮III	
2	F	൨	വെ		൨൦	പൂ	൫൧I=	പ്ര	൩൦III	൧൭൯൧ യോഹൻ വസിലയായ പാ
3	S	൩	ശ		൨൧	ഉ	൯II	ദ്വി	൩൩=	തിരി മരിച്ചു.
4	SUN	൪	ഞ		൨൨	അ	൧൪II	തൃ	൩൭II	നൊമ്പിൽ ൩ാം ഞ.
5	M	൫	തി		൨൩	ചി	൧൯III=	ച	൪൧III=	ഭക്തിഹീനന്മാരായ ജനങ്ങൾക്കും നൂ
6	TU	൬	ചൊ		൨൪	ചൊ	൨൫II=	പ	൪൬II=	റായിരം ജന്മം കൊണ്ടും സിദ്ധിക്കയി
7	W	൭	ബു		൨൫	വി	൩൧II	ഷ	൫൧	ല്ല തത്വജ്ഞാനവും കൈവല്യവും.
8	TH	൮	വ്യാ	കുംഭം.	൨൬	അ	൩൭=	സ	൫൬=	നീ എന്തു തന്നെ ചെയ്താലും അതിനെ
9	F	൯	വെ		൨൭	തൃ	൪൨I	സ	=	ദൈവമഹത്വത്തിന്നായി ചെയ്ക.
10	S	൧൦	ശ		൨൮	മൂ	൪൬III	അ	൩I=	ന്യൂസൌവെഡലസ എന്ന ദ്വീപു കണ്ട [ത ൧൬൦൬.
11	SUN	൧൧	ഞ		൨൯	പൂ	൫൦I	ന	൫III	നൊമ്പിൽ ൪ാം ഞ.
12	M	൧൨	തി		൩൦	ഉ	൫൨III	ദ	൬III=	ഉദിച്ച ൨൨॥ നാഴികക്ക രവിസംക്ര [മണം.
13	TU	൧൩	ചൊ		൧	തി	൫൪I	ഏ	൬III=	ഏകാദശിവ്രതം.
14	W	൧൪	ബു		൨	അ	൫൪=	ദ്വാ	൫II=	പ്രദൊഷവ്രതം.
15	TH	൧൫	വ്യാ		൩	ച	൫൩III	ത്ര	൨III=	ദരിദ്രനെയും അശതിയെയും നിന്ദി
16	F	൧൬	വെ	●	൪	പൂ	൫൧III	ബ	൫൯	ക്കരുതു.
17	S	൧൭	ശ		൫	ഉ	൪൮III	പ്ര	൫൪	കർത്താവു തനിക്കുള്ളവരെ അറിയുന്നു.
18	SUN	൧൮	ഞ		൬	രെ	൪൫I	ദ്വി	൪൮I	നൊമ്പിൽ ൫ാം ഞ. ദുല്ലാദ്ദ. മ. ഭ.
19	M	൧൯	തി		൭	അ	൪൧=	തൃ	൪൨=	ചൈത്രമാസാരംഭം യുഗാദി.
20	TU	൨൦	ചൊ		൮	ഭ	൩൬III	ച	൩൭II=	൧൭൯൧ പങ്കലൂർ പിടിച്ചു.
21	W	൨൧	ബു		൯	കാ	൩൨II	പ	൨൯=	
22	TH	൨൨	വ്യാ		൧൦	രൊ	൨൮I=	ഷ	൨൨III=	ഷഷ്ഠിവ്രതം.
23	F	൨൩	വെ	മീനം.	൧൧	മ	൨൪III	സ	൧൭=	ക്രന്മർ വിശൊപ്പ ചുട്ടപ്പെട്ടു. ൧൫൫൬
24	S	൨൪	ശ		൧൨	തി	൨൨	അ	൧൨I=	രാജ്ഞിയായ എലിശബെത്ത മരിച്ചത ൧൬൦൩.
25	SUN	൨൫	ഞ		൧൩	പൂ	൨൦	ന	൮I=	നഗരപ്രവെശനദിനം. മരിയയുടെ
26	M	൨൬	തി		൧൪	പൂ	൧൯=	ദ	൫III	പ്രവാദം.
27	TU	൨൭	ചൊ		൧൫	അ	൧൯II=	ഏ	൪I	ഏകാദശിവ്രതം.
28	W	൨൮	ബു		൧൬	മ	൨൦III	ദ്വാ	൪=	പ്രദൊഷവ്രതം.
29	TH	൨൯	വ്യാ		൧൭	പൂ	൨൩I	ത്ര	൫I	തിരുവ്യാഴാഴ്ച.
30	F	൩൦	വെ	○	൧൮	ഉ	൨൬III=	പ	൭II	ക്രൂശാരൊഹണ ദിനം.
31	S	൩൧	ശ		൧൯	അ	൩൧	ബ	൧൦III	വലിയ ശബ്ബത്ത.

APRIL. 30 DAYS ● അമാവാസി, ൧൫ തിയ്യതി.	 മെടം.	എപ്രീൽ. ൩൦ ദിവസം ☺ പൌൎണ്ണമാസി; ൨൯ തിയ്യതി.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ധന്യർ അവർ
തൃപ്തർ ആകും. മത്ത. ൫, ൬.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	SUN	൧	ഞ	മീനം.	൨൦	ചി	൩൬I	പ്ര	൧൪III	പുനരുത്ഥാന നാൾ.
2	M	൨	തി		൨൧	ചൊ	൪൨=	ദ്വി	൧൯I	കുരുടനെയും ചെകിടനെയും പരി
3	Tu	൩	ചൊ		൨൨	വി	൪൮=	തൃ	൨൪=	ഹസിക്കരുത.
4	W	൪	ബു		൨൩	അ	൫൪I	ച	൨൮III=	
5	Th	൫	വ്യാ		൨൪	തൃ	൫൯III	പ	൩൩=	൧൪൯൭ കനഡാരാജ്യം കാണായ്വന്നതു.
6	F	൬	വെ		൨൫	തൃ	൪I	ഷ	൩൬III=	൧൮൩൪ കൊടകയുദ്ധം.
7	S	൭	ശ		൨൬	മൂ	൮I	സ	൩൯II=	
8	SUN	൮	ഞ		൨൭	പൂ	൧൧II	അ	൪൧=	പെസഹയിൽ ൧ാം ഞ. ൧൮൫൯ ത
9	M	൯	തി		൨൮	ഉ	൧൩II=	ന	൪൧III	ന്തിയതൊപ്പിയെ തൂക്കികൊന്നതു.
10	Tu	൧൦	ചൊ		൨൯	തി	൧൪II	ദ	൪൧=	
11	W	൧൧	ബു		൩൦	അ	൧൪I	ഏ	൩൯II	ഏകാദശിവ്രതം അസ്തമിച്ച ൧൩ നാഴികക്കു സംക്രമം.
12	Th	൧൨	വ്യാ	മെടം.	൧	ച	൧൨II	ദ്വാ	൩൫II=	യാതൊരു പ്രാണിയെയും വെറുതെ
13	F	൧൩	വെ		൨	പൂ	൧൦II=	ത്ര	൩൧II	ദണ്ഡിപ്പിക്കരുത.
14	S	൧൪	ശ		൩	ഉ	൭I=	പ	൨൬	
15	SUN	൧൫	ഞ	●	൪	രെ	൫	ബ	൨൧II	പെസഹയിൽ ൨ാം ഞ.
16	M	൧൬	തി		൫	അ	൫൯I	പ്ര	൧൮II	൧൮൫൩ ബൊമ്പായിൽ തീ വണ്ടി
17	Tu	൧൭	ചൊ		൬	കാ	൫൪II=	ദ്വി	൬III	ദുൽഹജി മാസാരംഭം. [ആരംഭിച്ചത.
18	W	൧൮	ബു		൭	രൊ	൫൦II	തൃ	=	മററവരിൽ നിണക്കു ഇഷ്ടകെടായു
19	Th	൧൯	വ്യാ		൮	മ	൪൬II	പ	൫൪	ള്ള പ്രവൃത്തികളെ ഒരു നാളും ചെയ്യ
20	F	൨൦	വെ		൯	തി	൪൩I	ഷ	൪൮II	രുത.
21	S	൨൧	ശ		൧൦	പു	൪൦III	സ	൪൪	
22	SUN	൨൨	ഞ		൧൧	പൂ	൩൯I	അ	൪൦II	പെസഹയിൽ ൩ാം ഞ. നിന്റെ സകല പ്രവൃത്തി വിചാര
23	M	൨൩	തി		൧൨	അ	൩൯	ന	൩൮I=	വാക്കുകളെയും എണ്ണം എടുക്കുന്ന ഒരു
24	Tu	൨൪	ചൊ		൧൩	മ	൩൯III	ദ	൩൭I=	ആൾ ഉണ്ടു എന്നു എപ്പൊഴും ഓൎക്കുക.
25	W	൨൫	ബു		൧൪	പൂ	൪൧II=	ഏ	൩൭III	മാൎക്ക സുവിശെഷകൻ.
26	Th	൨൬	വ്യാ		൧൫	ഉ	൪൪III	ദ്വാ	൩൯I=	മനുഷ്യൻ വിതക്കുന്നതിനെ അവൻ
27	F	൨൭	വെ		൧൬	അ	൪൮III	ത്ര	൪൨I	കൊയ്യും.
28	S	൨൮	ശ		൧൭	ചി	൫൩II	പ	൪൫II	
29	SUN	൨൯	ഞ	☺	൧൮	ചൊ	൫൮III=	ബ	൪൯II=	പെസഹയിൽ ൪ാം ഞ.
30	M	൩൦	തി		൧൯	ചൊ	൪II=	പ്ര	൪൯	

MAY. 31 DAYS ● അമാവാസി, ൧൪ തിയ്യതി.	 എടവം.	മെയി. ൩൧ ദിവസം ☺ പൌൎണ്ണമാസി, ൨൯ തിയ്യതി.

കനിവുള്ളവർ ധന്യർ അവൎക്ക കനിവു ലഭിക്കും. മത്ത. ൫, ൭.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	TU	൧	ചൊ		൨൦	വി	൧൦	ദ്വി	൪൮III	൧൭൬൯ൽ പ്രഭുവായ വലിങ്കതൻ ജനി
2	W	൨	ബു		൨൧	അ	൧൬=	ദ്വി	൩I	ച്ചു.
3	TH	൩	വ്യാ		൨൨	തൃ	൨൧II	തൃ	൭I=	൧൬൦൧ ഇങ്ക്ലിഷ്ക്കാരുടെ പൊക്കപ്പൽ
4	F	൪	വെ		൨൩	മൃ	൨൬	ച	൧൦= *	സംഘം ആദ്യം ഹിന്തു സമുദ്രത്തിൽ
5	S	൫	ശ		൨൪	പൂ	൨൯III	പ	൧൨III=	എത്തിയ്യു. * ൧൭൯൯ൽ ടിപ്പുസുല്ത്താൻ പൊരിൽ മരി
6	SUN	൬	ഞാ	മെടം.	൨൫	ഉ	൩൨I	ഷ	൧൪	പെസംഹറയിൽ ൫൦൦ ഞ. [ച്ചു.
7	M	൭	തി		൨൬	തി	൩൪	സ	൧൪	൧൮൫൭ മദ്രാശിയിൽ തീ വണ്ടി ആരം
8	TU	൮	ചൊ		൨൭	അ	൩൩I=	അ	൧൨II	ഭിച്ചു.
9	W	൯	ബു		൨൮	ച	൩൩II=	ന	൧൯III=	ദൈവത്തൊടു ചെരുക എന്നാൽ അവ ൻ നിന്നൊടും ചെരും.
10	TH	൧൦	വ്യാ		൨൯	പൂ	൩൧III	ദ	൬	സ്വൎഗ്ഗാരൊഹണം.
11	F	൧൧	വെ		൩൦	ഉ	൨൯=	ഏ	൧=	൧൮൫൭ ഡില്ലിയിലെ ദ്രൊഹം.
12	S	൧൨	ശ		൩൧	രെ	൨൭II	ത്ര	൫൫I=	അശ്വതി നക്ഷത്രത്തിൽ ൩൯ നാഴി കക്ക രെവി സങ്കരമണം.
13	SUN	൧൩	ഞാ		൧	അ	൨൧I=	ച	൪൮III=	സ്വൎഗ്ഗാരൊഹണം. ക. ഞ.
14	M	൧൪	തി	●	൨	ഭ	൧൭=	ബ	൪൨I	മടിയവന്നു എപ്പൊഴും മുട്ടുണ്ടാകും.
15	TU	൧൫	ചൊ		൩	കാ	൧൦III	പ്ര	൩൫II	
16	W	൧൬	ബു		൪	രൊ	൮II	ദ്വി	൨൯	മുഹറം മാസാരംഭം ൧൨൮൩.
17	TH	൧൭	വ്യാ		൫	മ	൪III=	തൃ	൨൩I=	കുടിയൻ തന്റെ കുഡുംബത്തെയും ന
18	F	൧൮	വെ		൬	തി	൧III=	ച	൧൮	ശിപ്പിക്കുന്നു.
19	S	൧൯	ശ		൭	പു	൫൯III=	പ	൧൩III=	൧൫൦൬ ക്രിസ്തൊഫ കൊലുമ്പർ മരി [ച്ചു.
20	SUN	൨൦	ഞാ	എടവം.	൮	പൂ	൫൮III=	ഷ	൧൦III	പെന്തക്കൊസ്തുനാൾ.
21	M	൨൧	തി		൯	ആ	൫൮III=	സ	൯	ചാരിയാൽ ചാരിയതു മണക്കും.
22	TU	൨൨	ചൊ		൧൦	മ	I	അ	൮II	
23	W	൨൩	ബു		൧൧	പൂ	൨II=	ന	൯I=	കള്ളനൊടു ചെന്നാൽ നീ കള്ളനാകും.
24	TH	൨൪	വ്യാ		൧൨	ഉ	൫II=	ദ	൧൦III=	ഇങ്ക്ലിഷ രാജ്ഞി ജനിച്ചതു ൧൮൧൯.
25	F	൨൫	വെ		൧൩	അ	൧൦III	ഏ	൧൪II	
26	S	൨൬	ശ		൧൪	ചി	൧൭III	ദ്വാ	൧൯III=	
27	SUN	൨൭	ഞാ		൧൫	ചൊ	൨൧I=	ത്ര	൨൨I=	ത്രിത്വനാൾ.
28	M	൨൮	തി		൧൬	വി	൨൭I=	ച	൨൭=	അവസാനത്തെ എപ്പൊഴും വിചാ
29	TU	൨൯	ചൊ	☺	൧൭	അ	൩൩III=	ബ	൩൨	രിക്ക.
30	W	൩൦	ബു		൧൮	തൃ	൩൮I=	പ്ര	൩൬	
31	TH	൩൧	വ്യാ		൧൯	മൂ	൪൩I=	ദ്വി	൩൯II	൧൮൫൭ ലക്നായിലെ ദ്രൊഹം.

JUNE.
30 DAYS

⊛ അമാവാസി,
൧൨ തിയ്യതി

മിഥുനം.

ജൂൻ.
൩൦ ദിവസം

⊛ പൌൎണ്ണമാസി,
൨൮ തിയ്യതി.

ഹൃദയ ശുദ്ധിയുള്ളവർ ധന്യർ അവർ ദൈവത്തെ കാണും. മത്ത. ൫, ൮.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	F	൧	വെ		൨൦	പൂ	൪൭II=	തൃ	൪൩I	
2	S	൨	ശ		൨൧	ഉ	൫൦III=	ച	൪൪=	അൎത്ഥം അനൎത്ഥം.
3	SUN	൩	ഞ		൨൨	തി	൫൩I	പ	൪൩III	ത്രിത്വം ക. ൧ാം ഞ.
4	M	൪	തി		൨൩	അ	൫൪I	ഷ	൪൪	കടം വീട്ടിയാൽ ധനം കണ്ടതെല്ലാം
5	Tu	൫	ചൊ		൨൪	ച	൫൪=	സ	൪൨	കൊണ്ടാൽ കൊണ്ടതെല്ലാം കടം.
6	W	൬	ബു	ഇടവം.	൨൫	പൂ	൫൨III=	അ	൩൮II	
7	Th	൭	വ്യാ		൨൬	ഉ	൫൧III	ന	൩൪I=	നിങ്ങൾ പരീക്ഷയിൽ അകപ്പെടായ്വാ
8	F	൮	വെ		൨൭	രെ	൪൮I=	ദ	൨൮III	ൻ പ്രാൎത്ഥിപ്പിൻ.
9	S	൯	ശ		൨൮	അ	൪൩II=	ഏ	൨൨I	അരിയെറിഞ്ഞാൽ ആയിരം കാക്ക.
10	SUN	൧൦	ഞ		൨൯	ഭ	൩൯=	ദ്വാ	൧൫III	ത്രിത്വം. ക. ൨ാം ഞ.
11	M	൧൧	തി		൩൦	കാ	൩൪III=	ത്ര	൯=	വാങ്ങുന്നവനല്ല കൊടുക്കുന്നവനത്രെ
12	Tu	൧൨	ചൊ	⊛	൩൧	രൊ	൩൦II=	പ	൨	ധന്യൻ.
13	W	൧൩	ബു		൩൨	മ	൨൬II=	പ്ര	൫൫	സങ്കരമണം ൩ നാഴികക്കു മകയിരത്തിൽ.
14	Th	൧൪	വ്യാ		൧	തി	൨൩I=	ദ്വി	൫൦II	
15	F	൧൫	വെ		൨	പു	൨൦III	തൃ	൪൫III=	സാഫർ മാസാരംഭം.
16	S	൧൬	ശ		൩	പൂ	൧൯=	ച	൪൧III=	
17	SUN	൧൭	ഞ		൪	ആ	൧൮	പ	൩൮II=	ത്രിത്വം ക. ൩ാം ഞ.
18	M	൧൮	തി		൫	മ	൧൯I	ഷ	൩൮I=	കൈയിൽ കൊടുത്താൽ കള്ളനും കക്കാ.
19	Tu	൧൯	ചൊ		൬	പൂ	൨൧	സ	൩൮	
20	W	൨൦	ബു	മിഥുനം.	൭	ഉ	൨൩III=	അ	൩൯II=	൧൮൩൭ രാജ്ഞിയായ വിക്തൊരിയ വാണതു.
21	Th	൨൧	വ്യാ		൮	അ	൨൭III=	ന	൪൨	പാപികൾ നിന്നെ വശീകരിച്ചാൽ മ
22	F	൨൨	വെ		൯	ചി	൩൨II	ദ	൪൫II	നം ചെല്ലായ്ക.
23	S	൨൩	ശ		൧൦	ചൊ	൩൭III=	ഏ	൩൯II=	
24	SUN	൨൪	ഞ		൧൧	വി	൪൩III	ദ്വാ	൫൪III	ത്രിത്വം ക. ൪ാം ഞ. യൊഹന്നാൻ
25	M	൨൫	തി		൧൨	അ	൫൦I	ത്ര	൫൮III	ബപ്തിസ്തു.
26	Tu	൨൬	ചൊ		൧൩	തൃ	൫൫I	ത്ര	൩	അംശത്തിലധികം എടുത്താൽ ആകാ
27	W	൨൭	ബു		൧൪	തൃ	II	പ	൭	ശം പൊളിഞ്ഞു തലയിൽ വീഴും.
28	Th	൨൮	വ്യാ	⊛	൧൫	മൂ	൫=	വ	൧൦	
29	F	൨൯	വെ		൧൬	പൂ	൯	പ്ര	൧൨II=	പെത്രനും പൌലും. [ച്ചതു.
30	S	൩൦	ശ		൧൭	ഉ	൧൧III	ദ്വി	൧൩III	൧൮൫൩ ബൎമ്മരാജ്യവുമായി സന്ധി

JULY.

31 DAYS

● അമാവാസി, ൧൨ തിയ്യതി.

കക്കിടകം.

ജൂലായി.

൩൧ ദിവസം

☺ പൌൎണ്ണമാസി, ൨൭ തിയ്യതി.

സമാധാനം ഉണ്ടാക്കുന്നവർ ധന്യർ അവർ ദൈവപുത്രർ എന്നു വിളിക്കപ്പെടും. മത്ത. ൫, ൯.

ഇങ്ക്ലിഷ.				മലയാളം.		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	SUN	൧	ഞാ		൧൮	ഉ	൧൩I=	തൃ	൧൩III	ത്രീതപം ക. ൫ാം ഞ.
2	M	൨	തി		൧൯	തി	൧൪I	ച	൧൨I=	അമ്പലം വിഴുങ്ങിക്ക വാതില്പക പ
3	Tu	൩	ചൊ		൨൦	ച	൧൩I=	പ	൫൦=	പ്പടം.
4	W	൪	ബു		൨൧	പൃ	൧൧II	ഷ	൫൪	൧൮൫൭ ഹന്റിലൊഞ്ച പടനായകൻ മരിച്ചതു.
5	Th	൫	വ്യാ		൨൨	ഉ	൫൮III=	സ	൧=	ഇരു തൊണിയിൽ കാൽ വെച്ചാൽ
6	F	൬	വെ		൨൩	രെ	൫I=	ന	൫൫I	നടുവിൽ കാണാം.
7	S	൭	ശ	മിഥുനം.	൨൪	അ	൧I=	ദ	൪൮III	നിങ്ങൾക്ക ദൈവത്തെയും ധനത്തെ യും സെവിച്ചു കൂടാ.
8	SUN	൮	ഞാ		൨൫	കാ	൫൭=	ഏ	൪൨	ത്രീതപം ക. ൬ാം ഞ.
9	M	൯	തി		൨൬	രൊ	൫൨II=	ദ്വ	൩൫=	ഇഷ്ടമല്ലാത്ത പെണ്ണു തൊട്ടതെല്ലാം
10	Tu	൧൦	ചൊ		൨൭	മ	൪൮I=	തൃ	൨൮II	കുററം. ഇഷ്ടംമറിപ്പാൻ അത്ഥം മഴ.
11	W	൧൧	ബു		൨൮	തി	൪൪II=	പ	൨൨II	ധനം ശെഖരിപ്പാൻ ആഗ്രഹിക്കുന്ന
12	Th	൧൨	വ്യാ	●	൨൯	പൃ	൪൧=	ബ	൧൭I	വൻ പലവിധ ആപത്തുകളിൽ അക
13	F	൧൩	വെ		൩൦	പൂ	൩൯I=	പ്ര	൧൨III=	പ്പെട്ടും.
14	S	൧൪	ശ		൩൧	അ	൩൮I	ദ്വി	൯II=	റബെയെല്ലവ്വൽ മാസാരംഭം കക്കിടക [സംങ്കരമണം.
15	SUN	൧൫	ഞാ		൧	മ	൩൯III	തൃ	൯I=	ത്രീതപം ക. ൭ാം ഞ.
16	M	൧൬	തി		൨	പൂ	൩൯II	ച	൭	൧൭൮൯ പ്രാഞ്ചിയിലെ ഒന്നാം രാജ
17	Tu	൧൭	ചൊ		൩	ഉ	൪൧III	പ	൭III	ദ്രൊഹം.
18	W	൧൮	ബു		൪	അ	൪൫I=	ഷ	൯I=	പരിഹാസിയെ ശാസിക്കുന്നവൻ ത
19	Th	൧൯	വ്യാ		൫	ചി	൪൯I	സ	൧൨=	നിക്ക ഇളപ്പവും ദുഷ്ടനെ ആക്ഷെപ്പി
20	F	൨൦	വെ		൬	ചൊ	൫൪II	അ	൧൬	ക്കുന്നവൻ തൻനിന്ദയും വരുത്തുന്നു.
21	S	൨൧	ശ		൭	ചൊ	൬൦	ന	൨൦	
22	SUN	൨൨	ഞാ	കക്കിടകം.	൮	വി	൫III	ദ	൨൪III	ത്രീത ।൦ ക. ൮ാം ഞ.
23	M	൨൩	തി		൯	അ	൧൧II	ഏ	൨൯I	ഏദൻ ഇല്ലായ്കയാൽ ഏശിയില്ല.
24	Tu	൨൪	ചൊ		൧൦	തൃ	൧൭=	ദ്വ	൩൩II	
25	W	൨൫	ബു		൧൧	മൂ	൨൨=	തൃ	൩൭	യാക്കൊബ അപ്പൊസ്തലൻ.
26	Th	൨൬	വ്യാ		൧൨	പൃ	൨൬I=	പ	൪൦	ഏതാനും ഉണ്ടെങ്കിൽ ആരാനും ഉണ്ടു.
27	F	൨൭	വെ	☺	൧൩	ഉ	൨൯III	വ	൪൨	
28	S	൨൮	ശ		൧൪	തി	൩൨	ദ്വി	൪൨II	
29	SUN	൨൯	ഞാ		൧൫	അ	൩൨I	ദ്വി	൪൨I	ത്രീതപം ക. ൯ാം ഞ.
30	M	൩൦	തി		൧൬	ച	൩൩I	തൃ	൪൦	ഒരു ദിവസം തിന്ന ചൊറും കളിച്ച
31	Tu	൩൧	ചൊ		൧൭	പൃ	൪൨=	ച	൩൬I=	കളവും മറക്കരുത.

AUGUST. 31 DAYS ● അമാവാസി, ൧൦ തിയ്യതി.	 ചിങ്ങം.	അഗുസ്തു. ൩൧ ദിവസം ○ പൌൎണ്ണമാസി, ൨൬ തിയ്യതി.

നീതിനിമിത്തം ഹിംസ അനുഭവിച്ചവർ ധന്യർ, സ്വൎഗ്ഗരാജ്യം
അവൎക്കുള്ളതു. മത്ത. ൫, ൧൦.

ഇങ്ക്ലിഷ്.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	W	൧	ബു		൧൮	ഉ	൨൯III=	ച	൩൨	കാലം നിളെ ചെന്നാൽ നെർ താനെ
2	Th	൨	വ്യാ		൧൯	രെ	൨൬III=	ഷ	൨൭I=	അറിയാം.
3	F	൩	വെ		൨൦	അ	൧൮III =	സ	൧൬I	വെളിപ്പെടാത്തതൊരു രഹസ്യവും
4	S	൪	ശ		൨൧	ഭ	൮II	അ	൧൪II	ഇല്ല.
5	SUN	൫	ഞാ	കൎക്കിടകം.	൨൨	കാ	൧൪I=	ന	൭III	ത്രിത്വം ക. ൧൦ാം ഞ.
6	M	൬	തി		൨൩	രൊ	൧൦	ദ	൧	
7	Tu	൭	ചൊ		൨൪	മ	൬	ഏ	൫൪II=	൧൮൩൯ൽ കാബുൽ നഗരം പിടിച്ചത.
8	W	൮	ബു		൨൫	തി	൨II	ത്ര	൪൮III	കൈനനയാതെ മീൻ പിടിക്കാമൊ.
9	Th	൯	വ്യാ		൨൬	പു	I	ച	൪൪	കൈയിൽ നിന്നു വീണാൽ എടുക്കാം.
10	F	൧൦	വെ	●	൨൭	ആ	൫൮=	വ	൪൦	വായിൽ നിന്നു വീണാൽ എടുത്തൂടാ.
11	S	൧൧	ശ		൨൮	മ	൫൭II	പ്ര	൩൭II	
12	SUN	൧൨	ഞാ		൨൯	പൂ	൫൮	ദ്വി	൩൬I	ത്രിത്വം ക. ൧൧ാം ഞ.
13	M	൧൩	തി		൩൦	ഉ	൫൯II=	തൃ	൩൬I	റബിയെൽ ആഹർ മാസാരംഭം.
14	Tu	൧൪	ചൊ		൩൧	ഉ	൨II	ച	൩൨I=	
15	W	൧൫	ബു		൩൨	അ	൬I	പ	൩൯II	ചിത്തിരയിൽ ൮ നാഴികക്കു സംക്രമ
16	Th	൧൬	വ്യാ		൧	ചി	൧൦III=	ഷ	൪൩	ണം വിനായിക ചതുൎത്ഥി.
17	F	൧൭	വെ		൨	ചൊ	൧൬I	സ	൪൭=	നിന്റെ ശത്രുവിനു അനൎത്ഥം വന്നാ
18	S	൧൮	ശ		൩	വി	൨൧III	അ	൫൧=	ൽ സന്തൊഷിക്കരുത.
19	SUN	൧൯	ഞാ		൪	അ	൨൭III	ന	൫൬=	ത്രിത്വം ക. ൧൨ാം ഞ.
20	M	൨൦	തി	ചിങ്ങം.	൫	തൃ	൩൩I	ന	II	നിന്റെ സ്നേഹിതന്നു നന്മ വന്നാൽ
21	Tu	൨൧	ചൊ		൬	മൂ	൨൫II	ദ	൪III	അസൂയപ്പെടരുത.
22	W	൨൨	ബു		൭	പൂ	൪൩III=	ഏ	൮I=	കരയുന്നവനൊടു കൂട കരയെണം.
23	Th	൨൩	വ്യാ		൮	ഉ	൪൭I=	ദ്വാ	൧൦=	
24	F	൨൪	വെ		൯	തി	൫൦I	ത്ര	൧൨	ഓണം. ൧൫൭൨. ൮ ഗുനൊത്തരുടെ
25	S	൨൫	ശ		൧൦	തി	൫൨=	ച	൧൨	സാക്ഷിമരണം.
26	SUN	൨൬	ഞാ	○	൧൧	ച	൫൨III	വാ	൧൧	ത്രിത്വം ക. ൧൩ാം ഞ.
27	M	൨൭	തി		൧൨	പൂ	൫൨I	പ്ര	൮II=	സന്തൊഷിക്കുന്നവനൊടു കൂട സ
28	Tu	൨൮	ചൊ		൧൩	ഉ	൫൦II	ദ്വി	൪III=	ന്തൊഷിക്കെണം.
29	W	൨൯	ബു		൧൪	രെ	൪൭III=	തൃ	I	ചെരം വന്നാലും ചിതം വെണം.
30	Th	൩൦	വ്യാ		൧൫	അ	൪൪II	പ	൫൪II	
31	F	൩൧	വെ		൧൬	ഭ	൪൦II	ഷ	൪൮I	

SEPTEMBER. 30 DAYS ● അമാവാസി, ൯ തിയ്യതി.	 കന്നി.	സെപ്തെംബർ. ൩൦ ദിവസം ☺ പൌൎണ്ണമാസി, ൨൪ തിയ്യതി.

നിങ്ങളുടെ സത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഹിംസിക്കുന്നവരെ അനുഗ്രഹിപ്പിൻ. മത്ത. ൫, ൪൪.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	S	൧	ശ	ചിങ്ങം.	൧൭	കാ	൩൬I	സ	൪൧II	൧൮൫൮ ഹിന്തു രാജ്യങ്ങൾ കിരീടത്തിന്നു ആധീനമാക്കപ്പെട്ടു.
2	SUN	൨	ഞ		൧൮	രൊ	൩൧III	അ	൩൪III=	ത്രിത്വം ക. ൧൪ാം ഞ. അഷ്ടമി രൊ
3	M	൩	തി		൧൯	മ	൨൭II	ന	൨൯	ഹണി.
4	Tu	൪	ചൊ		൨൦	തി	൨൩III	ദ	൨൨II=	മൊസ്കൊ നഗരം ചുടപ്പെട്ടു ൧൮൧൨.
5	W	൫	ബു		൨൧	പു	൨൦II=	ഏ	൧൭I=	ചിന്തയില്ലാത്തവനു ശീതമില്ല തനിക്കി
6	Th	൬	വ്യ		൨൨	പൂ	൧൮I	ദ്വ	൧൨III=	ല്ലാത്തതു തുടങ്ങരുത.
7	F	൭	വെ		൨൩	ആ	൧൬III=	ത്ര	൯II	
8	S	൮	ശ		൨൪	മ	൧൬III	പ	൭II	ആയില്യം മകം.
9	SUN	൯	ഞ	●	൨൫	പൂ	൧൭III=	വ	൬III	ത്രിത്വം ക. ൧൫ാം ഞ. ആവണി അ
10	M	൧൦	തി		൨൬	ഉ	൨൦	പ്ര	൭II	മാവാസി.
11	Tu	൧൧	ചൊ		൨൭	അ	൨൧	ദ്വി	൯I=	ജമാദിൻ അവ്വൽ മാസാരംഭം.
12	W	൧൨	ബു		൨൮	ചി	൨൭II	തൃ	൧൨I	മറെറവരുടെതല്ല നിന്റെ മൊക്ഷത്തെ
13	Th	൧൩	വ്യ		൨൯	ചൊ	൩൨I=	ച	൧൬	തന്നെ ഒത്തു വിചാരിക്ക.
14	F	൧൪	വെ		൩൦	വി	൩൮	പ	൨൦I	തനിക്കിറങ്ങിയാൽ തനിക്കറിയാം.
15	S	൧൫	ശ		൩൧	അ	൪൩III	ഷ	൨൫	൧൦ നാഴികക്കു അനിഴത്തിൽ രവി സങ്ക്രമണം.
16	SUN	൧൬	ഞ	കന്നി.	൧	തൃ	൪൯II	സ	൨൯II	ത്രിത്വം ക. ൧൬ാം ഞ.
17	M	൧൭	തി		൨	മൂ	൫൪III=	അ	൩൩II	തന്റെ ജീവനെ സ്നേഹിക്കുന്നവൻ
18	Tu	൧൮	ചൊ		൩	മൂ	=	ന	൩൭I=	അതിനെ നശിപ്പിക്കും.
19	W	൧൯	ബു		൪	പൂ	൪II	ദ	൪൦II	
20	Th	൨൦	വ്യ		൫	ഉ	൭III=	ഏ	൪൨II	൧൮൫൭ ഡില്ലി നഗരം പിടിച്ചു.
21	F	൨൧	വെ		൬	തി	൧൦I	ദ്വ	൪൩II	മത്തായി സുവിശെഷകൻ.
22	S	൨൨	ശ		൭	തി	൧൧III	ത്ര	൪൩=	
23	SUN	൨൩	ഞ		൮	ച	൧൧III	വ	൪൧II	ത്രിത്വം ക. ൧൭ാം ഞ.
24	M	൨൪	തി	☺	൯	പൂ	൧൦III	ബാ	൩൮II=	നാററാൻ കൊടുത്താൽ നക്കരുത.
25	Tu	൨൫	ചൊ		൧൦	ഉ	൮III	പ്ര	൩൩II=	നിത്യാഭ്യാസി ആനയെ എടുക്കും വി
26	W	൨൬	ബു		൧൧	രെ	൫III	ദ്വി	൨൯II=	ശ്വാസിച്ചാൽ എല്ലാം കഴിയും.
27	Th	൨൭	വ്യ		൧൨	അ	൨I=	തൃ	൨൩III	
28	F	൨൮	വെ		൧൩	കാ	൫൩III	ച	൧൫	൧൮൫൭ ലഗ്നൌ മടക്കി പിടിച്ചു.
29	S	൨൯	ശ		൧൪	രൊ	൫൩II	പ	൧൦III=	
30	SUN	൩൦	ഞ		൧൫	മ	൪൧II	സ	൨൯	ത്രിത്വം ക. ൧൮ാം ഞ.

OCTOBER. 31 DAYS ● അമാവാസി, ൮ തിയ്യതി.	 തുലാം.	ഒക്കെതാബെർ. ൩൧ ദിവസം ○ പൌൎണ്ണമാസി, ൨൪ തിയ്യതി.

നിങ്ങളുടെ നിക്ഷെപം എവിടെ, അവിടെ നിങ്ങളുടെ
ഹൃദയവും ആകും. മത്ത. ൬, ൨൧.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	M	൧	തി		൧൬	തി	൪൪III=	അ	൫൭II=	നെർ പറഞ്ഞാൽ നെരത്തെ പൊകാം.
2	TU	൨	ചൊ		൧൭	പു	൪൧I	ന	൫൨	൧൮൩൮ അപ്പാനരുടെ യുദ്ധം തുട
3	W	൩	ബു		൧൮	പൂ	൩൮II	ദ	൪൭I	ങ്ങിയ്യു.
4	TH	൪	വ്യ	കന്നി	൧൯	ആ	൩൬III	ഏ	൪൩I	ഒരിക്കൽ മരിക്കയും പിന്നെ ന്യായ
5	F	൫	വെ		൨൦	മ	൩൫I=	ദ്വ	൪൦II=	വിസ്താരത്തിലെക്ക ചെല്ലുന്നതും എല്ലാ
6	S	൬	ശ		൨൧	പൂ	൩൭	ത്ര	൪൦=	മനുഷ്യന്നും വിധിച്ചതു.
7	SUN	൭	ഞ		൨൨	ഉ	൩൭III	പ	൩൯III	ത്രീതപം ക. ൧൯ാം ഞ.
8	M	൮	തി	●	൨൩	അ	൪൦I=	വ	൪൦II	൧൮൩൧ ഗംഗനദി കവിഞ്ഞതിനാ
9	TU	൯	ചൊ		൨൪	ചി	൪൪=	പ്ര	൪൨III *	ൽ ൩൦,൦൦൦ ആളുകൾ മരിച്ചതു.
10	W	൧൦	ബു		൨൫	ചൊ	൪൮II	ദ്വി	൪൬I	* നവരാത്രി പ്രാരംഭം.
11	TH	൧൧	വ്യ		൨൬	വി	൫൩I=	തൃ	൫൧I	ജമാദിൻ ആഹർ മാസാരംഭം.
12	F	൧൨	വെ		൨൭	അ	൫൯II	ച	൫൪III=	പകൽ കക്കുന്ന കള്ളനെ രാത്രിയിൽ
13	S	൧൩	ശ		൨൮	അ	൫II	പ	൫൭=	കണ്ടാൽ തൊഴെണം.
14	SUN	൧൪	ഞ		൨൯	തൃ	൧൧	പ	൪I	ത്രീതപം ക. ൨൦ാം ഞ.
15	M	൧൫	തി		൩൦	മൂ	൧൬II	ഷ	൮II=	൩൭ നാഴികക്ക രവി സങ്കരമണം തു ലാം സങ്കരമണം.
16	TU	൧൬	ചൊ		൧	പൂ	൨൧I	സ	൧൨I	പണിക്കർ വീണാല്യം അഭ്യാസം.
17	W	൧൭	ബു		൨	ഉ	൨൫=	അ	൧൪III	
18	TH	൧൮	വ്യ		൩	തി	൨൮I	ന	൧൬II	മഹാദശമി.
19	F	൧൯	വെ		൪	അ	൩൦	ദ	൧൭	പക്ഷിക്കു ആകാശം ബലം മത്സ്യത്തി
20	S	൨൦	ശ		൫	ച	൩൦III=	ഏ	൧൬	ന്നു വെള്ളം ബലം.
21	SUN	൨൧	ഞ	തുലാം.	൬	പൂ	൩൦II	ദ്വ	൧൪I=	ത്രീതപം ക. ൨൧ാം ഞ.
22	M	൨൨	തി		൭	ഉ	൨൯	ത്ര	൧൦III=	ദീപാവലി.
23	TU	൨൩	ചൊ		൮	രെ	൨൭II	പ	൬I	വാക്കുകൾ പെരുകയാൽ ലംഘനം
24	W	൨൪	ബു	○	൯	അ	൨൩II=	വ	൧	തീൎന്നുപൊകാതു.
25	TH	൨൫	വ്യ		൧൦	ഭ	൧൯I	ദ്വി	൫൫	പല്ലുകൾക്കു കാടിയും കണ്ണുകൾക്കു പു
26	F	൨൬	വെ		൧൧	കാ	൧൪III=	തൃ	൪൮II	കയും എന്ന പൊലെ മടിയൻ തന്നെ
27	S	൨൭	ശ		൧൨	രൊ	൧൦I=	ച	൪൧III	അയച്ചവൎക്കു ആകുന്നു.
28	SUN	൨൮	ഞ		൧൩	മ	൬	പ	൩൪II	ത്രീതപം ക. ൨൨ാം ഞ. ശിമൊനും യ
29	M	൨൯	തി		൧൪	തി	൨II	ഷ	൨൮III=	ഹൂദാവും.
30	TU	൩൦	ചൊ		൧൫	പു	൫൮III=	സ	൩൩I	നീതിമാന്മാർ സുഖിച്ചാൽ നഗരം ഉല്ല
31	W	൩൧	ബു		൧൬	ആ	൫൬III=	അ	൧൯III=	സിക്കും.

NOVEMBER.

30 DAYS

● അമാവാസി, ൭ തിയ്യതി.

വൃശ്ചികം.

നൊവെംബർ.

൩൦ ദിവസം

☺ പൌൎണ്ണമാസി, ൨൨ തിയ്യതി.

യാചിപ്പിൻ എന്നാൽ നിങ്ങൾക്കു തരപ്പെടും, അന്വെഷിപ്പിൻ എന്നാൽ കണ്ടെത്തും, മുട്ടുവിൻ എന്നാൽ തുറക്കപ്പെടും. മത്ത. ൭, ൭.

ഇങ്ക്ലിഷ്.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തീയ്യതി	ആഴ്ച	മാസം	തീയ്യതി					
1	TH	൧	വ്യാ		൧൭	ആ	൪	ന	൨൫II=	എല്ലാ പരിശുദ്ധന്മാർ.
2	F	൨	വെ		൧൮	പു	൫൪III=	ദ	൧൩III	എല്ലാ പ്രാണികൾ.
3	S	൩	ശ		൧൯	ഉ	൫൫III=	ഏ	൧൨	
4	SUN	൪	ഞാ		൨൦	അ	൫൫III=	ദ്വാ	൧൩II	ത്രിത്വം ക. ൨൩ാം ഞ.
5	M	൫	തി	തുലാം.	൨൧	അ	൧	ത്ര	൧൫II	രാമായണം മുഴുവൻ വായിച്ചിട്ടും രാമ
6	TU	൬	ചൊ		൨൨	ചി	൫	പ	൧൮=	ന്റെ സീത ആർ എന്നു ചൊദിക്കും.
7	W	൭	ബു	●	൨൩	ചൊ	൯III=	വ	൨൧III=	
8	TH	൮	വ്യാ		൨൪	വി	൧൫I=	പ്ര	൨൬I	
9	F	൯	വെ		൨൫	അ	൨൧I=	ദ്വി	൩൦III=	റജബു മാസാരംഭം. ൧൪൮൩ വത്സിലെ
10	S	൧൦	ശ		൨൬	തൃ	൨൭	തൃ	൩൫III*	പ്രട്ട ജനിച്ചതു. * ൧൪൮൩ ലൂഥർ ജനിച്ചതു.
11	SUN	൧൧	ഞാ		൨൭	മൂ	൩൨II=	ച	൪൫III=	ത്രിത്വം ക. ൨൪ാം ഞ. മത്തിൻ.
12	M	൧൨	തി		൨൮	പൂ	൩൭III	പ	൪൪III=	
13	TU	൧൩	ചൊ		൨൯	ഉ	൪൨I	ഷ	൪൯I	
14	W	൧൪	ബു		൩൦	തി	൪൫III=	സ	൫൧III	ഓണത്തിൽ രവി സംക്രമണം.
15	TH	൧൫	വ്യാ		൧	അ	൪൮I=	അ	൫൨III=	ഇഹലൊകവും അതിന്റെ പ്രഭയും ഒ
16	F	൧൬	വെ		൨	ച	൪൯	ന	൫൨II	ഴിഞ്ഞു പൊകും.
17	S	൧൭	ശ		൩	പൂ	൪൯III=	ദ	൫൧I	
18	SUN	൧൮	ഞാ		൪	ഉ	൪൮III=	ഏ	൪൮III	ത്രിത്വം ക. ൨൫ാം ഞ.
19	M	൧൯	തി	വൃശ്ചികം.	൫	രെ	൪൭	ദ്വാ	൪൫	ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ
20	TU	൨൦	ചൊ		൬	അ	൪൫=	ത്ര	൪൦	എന്നും ജീവിക്കും.
21	W	൨൧	ബു		൭	ഭ	൪൦II	പ	൩൫I=	
22	TH	൨൨	വ്യാ	☺	൮	കാ	൩൬I=	വ	൨൮I	കാൎത്തിക.
23	F	൨൩	വെ		൯	രൊ	൩൨	പ്ര	൨൧III	
24	S	൨൪	ശ		൧൦	മ	൨൬II=	ദ്വി	൧൫I=	൧൮൪൯ ഒമ്പതാം പിയൻ പാപ്പാ ഒടി പൊയ്തു.
25	SUN	൨൫	ഞാ		൧൧	തി	൨൩II	തൃ	൯I	ത്രിത്വം ക. ൨൬ാം ഞ.
26	M	൨൬	തി		൧൨	പു	൧൮III	ച	൩II	ജഡമൊഹവും കണ്ണിന്റെ മൊഹവും
27	TU	൨൭	ചൊ		൧൩	പൂ	൧൬III=	ഷ	൫൮I	ജീവന്റെ പ്രതാപവും ദൈവത്തിൽ
28	W	൨൮	ബു		൧൪	ആ	൧൪III=	സ	൫൪I=	നിന്നുള്ളതല്ല.
29	TH	൨൯	വ്യാ		൧൫	മ	൧൩I=	അ	൫൧	
30	F	൩൦	വെ		൧൬	പൂ	൧൬III=	ന	൫൦III	അന്ത്രയൻ അപ്പൊസ്തലൻ.

DECEMBER.
31 DAYS

● അമാവാസി, ൭ തിയ്യതി.

ധനു.

ദിസെംബർ.
൩൧ ദിവസം
○ പൌൎണ്ണമാസി, ൨൧ തിയ്യതി.

ഇടുക്കു വാതിലൂടെ അകം പൂകുവിൻ, ജീവങ്കലെക്ക ചെല്ലുന്ന വാതിൽ ഹാ എത്ര ഇടുക്കം വഴിഞെരുക്കവുമാകുന്നു. മത്ത. ൭, ൧൩. ൧൪.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തീയ്യതി	ആഴ്ച	മാസം	തീയ്യതി					
1	S	൧	ശ		൧൭	ഉ	൧൫II=	ദ	൫൦=	
2	SUN	൨	ഞാ		൧൮	അ	൧൮I	ഏ	൫൦I=	൧ാം ആഗമനാൾ.
3	M	൩	തി		൧൯	ചി	൨൧III	ദ്വാ	൫൩III	വായിചക്കര ചക്കര കൈ കൊക്കർ.
4	TU	൪	ചൊ		൨൦	ചൊ	൨൭	ത്ര	൫൭	
5	W	൫	ബു		൨൧	വി	൩൧I=	ത്ര	൧I	വായി അറിയാതെ പറഞ്ഞാൽ ചെവി
6	TH	൬	വ്യാ		൨൨	അ	൩൨I=	ച	൧III	അറിയാതെ കൊള്ളും.
7	F	൭	വെ	●	൨൩	തി	൪൨II	വ	൧൦III	വിശപ്പിന്നു കറി വെണ്ടാ ഉറക്കിന്നു
8	S	൮	ശ		൨൪	മൂ	൪൮II	പ്ര	൧൫II	പായി വെണ്ടാ.
9	SUN	൯	ഞാ		൨൫	പൂ	൫൨III=	ദ്വി	൧൪III	൨ാം ആഗമനാൾ ശബാൻ മാസാരംഭം.
10	M	൧൦	തി	വൃശ്ചികം.	൨൬	ഉ	൫൮III=	തൃ	൨൩II=	വിശ്വസിച്ചൊനെ ചതിക്കല്ല ചതി
11	TU	൧൧	ചൊ		൨൭	ഉ	൨III	ച	൨൫III	ച്ചൊനെ വിശ്വസിക്കല്ല.
12	W	൧൨	ബു		൨൮	തി	൬=	പ	൨൮II	ഇവിടെ നല്ലവൻ ആരുമില്ല ഒരുത്ത
13	TH	൧൩	വ്യാ		൨൯	അ	൮=	ഷ	൨൯I	ൻ പൊലുമില്ല.
14	F	൧൪	വെ		൩൦	ച	൯	സ	൨൮III	
15	S	൧൫	ശ		൧	പൂ	൮III=	അ	൨൮	ചതയ നക്ഷത്രത്തിൽ ൨ നാഴികക്ക [സങ്കരമണം.
16	SUN	൧൬	ഞാ		൨	ഉ	൭III=	ന	൨൪III	൩ാം ആഗമനാൾ.
17	M	൧൭	തി		൩	രെ	൫	ദ	൨൦II	അവസാനത്തൊളം വിശ്വാസമുള്ളവ
18	TU	൧൮	ചൊ		൪	അ	൧III	ഏ	൧൫I	ൻ രക്ഷിക്കപ്പെടും.
19	W	൧൯	ബു		൫	കാ	൫൭III=	ദ്വാ	൮III=	ഇക്കരനിന്നു നൊക്കുമ്പൊൾ അക്കര
20	TH	൨൦	വ്യാ		൬	രൊ	൫൩II=	ത്ര	൫൩I	പച്ച.
21	F	൨൧	വെ	○	൭	മ	൪൯=	വ	൫൬III	തൊമാ അപ്പൊസ്തലൻ.
22	S	൨൨	ശ		൮	തി	൪൪III=	പ്ര	൫൦I	
23	SUN	൨൩	ഞാ		൯	പു	൪൦III=	ദ്വി	൪൪II	൪ാം ആഗമനാൾ.
24	M	൨൪	തി	ധനു.	൧൦	പൂ	൩൭II=	തൃ	൩൯=	വിശുദ്ധരാത്രി.
25	TU	൨൫	ചൊ		൧൧	ആ	൩൫	ച	൩൪III	ക്രിസ്തൻ ജനിച്ചനാൾ.
26	W	൨൬	ബു		൧൨	മ	൩൩II	പ	൩൧II	സ്തെഫാൻ.
27	TH	൨൭	വ്യാ		൧൩	പൂ	൩൩=	ഷ	൨൯II	യൊഹന്നാൻ സുവിശെഷകൻ.
28	F	൨൮	വെ		൧൪	ഉ	൩൩III=	സ	൨൮III	
29	S	൨൯	ശ		൧൫	അ	൩൫III	അ	൨൯II	
30	SUN	൩൦	ഞാ		൧൬	ചി	൩൮ II=	ന	൩൧I=	ജനന നാൾ കഴിഞ്ഞ ഞാ.
31	M	൩൧	തി		൧൭	ചൊ	൪൨III=	ദ	൩൪I	

വിശ്വസിച്ചിട്ടു തന്നെ നാം സ്വസ്ഥതയിൽ പ്രവെശിക്കുന്നു. എബ്ര്യ. ൪, ൩. ൧

ഒരു സങ്കീൎത്തനം.

സന്താനഗൊപാലരീതി.

൧ നിൻെറ കാരുണ്യ, സത്യങ്ങൾ ഹെതുവായി.
നിൻെറ പെരിൻ മഹത്വത്തെ ഊഴിയിൽ
എല്ലാം വാഴ്ത്തുക; ഞങ്ങൾക്കു മാഹാത്മ്യം.
വെണ്ടയൊട്ടും യഹൊവാ മമാശ്രയം?
൨ ഹന്ത! നിങ്ങടെ ദൈവമെ വിടുത്തു?
എന്നു ബാഹ്യ ജാതിക്കാർ ചൊല്ലുന്നെന്തു!
നമ്മുടെ ദൈവമാകും യഹൊവ താൻ
വിണ്ണിലുണ്ടവനത്രെ മമാശ്രയം!
൩ ഇഷ്ടമായ സകലത്തെയും ചെയ്തു
ദൈവമായ യഹൊവയും വാഴുന്നു.
ബാഹ്യ ജാതിക്കാർ വിഗ്രഹ വന്ദനം
ചെയ്തീടുന്നു യഹൊവാ മമാശ്രയം.
൪ അവ തങ്ങടെ വെള്ളിയും സ്വൎണ്ണവും
ഠരം വകകൊണ്ടു നിൎമ്മിച്ച ദെവരെ.
വിഗ്രഹങ്ങളെ തീൎത്തവയൊന്നിനും
ചെഷ്ടയില്ല; യഹൊവാ മമാശ്രയം.
൫ കണ്ണുണ്ടെങ്കിലും കാണുന്നതുമില്ല;
കെൾക്കുന്നില്ലവ കൎണ്ണമിരിക്കിലും;
വായികൊണ്ടൊന്നുമല്പമുരിയാട്ടം
ഇല്ലതന്നെ; യഹൊവാ മമാശ്രയം!
൬ മൂക്കുണ്ടെങ്കിലും ഗന്ധമറികില്ല;
കൈ കൊണ്ടൊന്നും തൊടുന്നതുമില്ലവ;
കാൽ കൊണ്ടല്പം നടക്കുന്നതുമില്ല;
കണ്ടതില്ലെ? യഹൊവാ മമാശ്രയം!
൭ ആയതുണ്ടാക്കുന്നൊരുമവയതിൽ
ആശ്രയിപ്പൊരുമായവെക്കൊക്കുന്നു.
ഇസ്രയെലെ, ദൈവത്തിങ്കലാനന്ദം
ചെയ്ക എന്നും; യഹൊവാ മമാശ്രയം!
൮ ദൈവമെല്ലൊ തുണയും പരിചയും
ആകുന്നു അഹറൊൻെറ ഗൃഹക്കാരെ! *
ആശ്രയിപ്പിനവനുമവനുടെ
വാഴ്ത്തുണയാം യഹൊവാ മമാശ്രയം!

* അഹറൊൻ എന്നവൻ യഹൂദരുടെ മഹാചാൎയ്യന്മാരുടെ ഗൊത്ര പിതാവു.

൯ ആയവൻ പരിചയുമാം; ദൈവത്തിൽ
ഭീതിയുള്ളോരെ ആശ്രയിപ്പിൻ നിങ്ങൾ
ദൈവവുമായവൎക്ക സഹായവും
ചെടവുമാം; യഹൊവാ മമാശ്രയം!
൧൦ ദൈവ ഭീതിയതുള്ളോരെയൊക്കയും.
ബാലവൃദ്ധാദി ഭെദവും കൂടാതെ
ഏററവുമനുഗ്രഹിച്ചു നിങ്ങളെ
വൎദ്ധിപ്പിക്കും; യഹൊവാ മമാശ്രയം.
൧൧ നിങ്ങടെ മക്കളെയും വൎദ്ധിപ്പിക്കും
ഭൂമിയുമാകാശത്തെയും നിൎമ്മിച്ചു
ദൈവത്താൽ നിങ്ങളനുഗ്രഹിക്കപ്പെട്ടോർ
ആകുമല്ലൊ; യഹൊവാ മമാശ്രയം.
൧൨ ഭൂമിയും പിന്നെ ആകാശവും ദൈവം
തന്റെതാകുന്നു; ഭൂമിയെ മൎത്ത്യൎക്കായി.
നല്കിയതായീട്ടുന്നു; മരിച്ചോരും
വാഴ്ത്തുന്നില്ല; യഹൊവാ മമാശ്രയം!
൧൩ മൌനമായി വസിപ്പോരുമങ്ങിനെ.
നാമിതു മുതലെന്നും യഹൊവായെ
വാഴ്ത്തും വാഴ്ത്തുവിൻ! നിങ്ങൾ യഹൊവായെ
വാഴ്ത്തി കൊൾവിൻ യഹൊവാ മമാശ്രയം

പ്രാൎത്ഥനാഫലം

ഇങ്ക്ലാന്തിനൊടു ചെൎന്നിരിക്കുന്ന ഐയൎലന്ത ദ്വീപുകാർ രാജദ്രൊഹം ചെയ്ത സമയത്തിൽ, പടനായകനായ കൊൎന്നവലിസ തന്റെ പട്ടാളങ്ങളെ ചെൎത്തു, കലക്കത്തെ അമൎക്കുവാൻ ആ ദ്വീപിൽ കയറി യുദ്ധം തുടങ്ങി. ആയവന്റെ സൈന്യത്തിൽ സെവിച്ച ഒരു പടയാളി, കൂടക്കൂട തന്റെ പാൎപ്പെടം വിട്ടു, സ്വകാൎയ്യമായി വല്ല സ്ഥലത്തു ചെന്നു താമസിച്ചതിനെ, അവന്റെ കൂട്ടുക്കാർ കണ്ടു, ഇവൻ ദ്രൊഹികൾക്കു ദൂതു പറവാനായി പൊകുന്നു, എന്നു സിദ്ധാന്തമായി അവന്റെ മെൽ ബൊധിപ്പിച്ചു. ആ കാൎയ്യത്തെ വിസ്തരിപ്പാൻ കൂടിയ സെനാപതികൾ, അവൻ കുററകാരൻ തന്നെ എന്നു നിശ്ചയിച്ചു, മരണ ശിക്ഷ കല്പിച്ചു, കണ്ട വിധിയെ ഒപ്പിടുവാൻ വെണ്ടി പടനായകനായ കൊൎന്നവലിസിന്റെ അടുക്കൽ കൊടുത്തയക്കുകയും ചെയ്തു. പടനായകൻ വിസ്താര കടലാസ്സുകളെ വാങ്ങി വായിച്ചു, ശൊധന കഴിച്ചപ്പൊൾ, ഓരൊ സംശയങ്ങൾ ജനിക്കയാൽ, കുററക്കാരനെ തന്റെ മുമ്പിൽ വരുത്തി, പുതുതായി വിസ്തരിച്ച സമയത്തിൽ, ആ പടയാളി ഞാൻ ദ്രൊഹിയുമല്ല ദ്രൊഹികളൊടു ചെൎന്നവനുമല്ല ഒരുനാളും ചെരുകയുമില്ല; എന്നു വെണ്ടാ, എന്റെ സൎക്കാരിന്നു വെണ്ടി ജീവനെയും ഉപെക്ഷിപ്പാൻ മടിക്കയുമില്ല, എന്നു പറഞ്ഞ ശെഷം പടനായകൻ: എന്നാൽ കൂടക്കൂട ഇങ്ങിനെ സ്വകാൎയ്യമായി പൊ

യി താമസിക്കുന്നതിന്റെ ഹെതു എന്തു, എന്നു ചൊദിച്ചാറെ: എനിക്ക ദിവസെന ദൈവത്തൊടു കഴിപ്പാൻ ആവശ്യമുള്ള പ്രാൎത്ഥന, പരിഹാസകാരും, വൈരികളുമായിരിക്കുന്നവരുടെ കൂട്ടത്തിൽ നിന്നു കഴിപ്പാൻ പാടില്ലായ്കകൊണ്ടാകുന്നു, എന്നു അവൻ ബൊധിപ്പിച്ച ശെഷം: പ്രാൎത്ഥന നിങ്ങൾക്ക നിത്യവൃത്തി ആകുന്നെങ്കിൽ, അതിൽ നല്ല ശീലവും പ്രാപ്തിയും ഉണ്ടാകും, എന്നാൽ ഇവിടെ തന്നെ മുട്ടുകുത്തി ഒന്നു പ്രാൎത്ഥിച്ചാൽ നിങ്ങളുടെ സത്യം അറിയും, എന്നു പടനായകൻ കല്പിച്ചപ്പൊൾ, പടയാളി ഒന്നു ഞെട്ടി, അയ്യൊ എനിക്ക പ്രാൎത്ഥിക്കുന്നതിൽ നല്ല ശീലം ഇല്ല! ഇവിടെ ഞാൻ എങ്ങിനെ പ്രാൎത്ഥിക്കെണ്ടു? എന്നു പറഞ്ഞതിനെ അവൻ കൂട്ടാക്കാതെ, ഇപ്പൊൾ തന്നെ പ്രാൎത്ഥിക്കെണം എന്ന തീൎച്ച കല്പിച്ചതകൊണ്ടു, പടയാളി മുട്ടു കുത്തി വളരെ വിശ്വാസത്തൊടും ധൈൎയ്യത്തൊടും കൂടി തന്റെ ഹൃദയത്തെ കൎത്താവിന്റെ മുമ്പിൽ പകൎന്നു; തീൎന്ന ശെഷം പടനായകൻ അവന്റെ കൈ പിടിച്ചു: ദൈവത്തൊടു അണഞ്ഞു നടക്കുന്നവൻ മാത്രമെ ഇപ്രകാരം പ്രാൎത്ഥിപ്പാൻ കഴിയും എന്നു ചൊല്ലി, വിധിയെയും മാററി, അവന്നു തന്നൊടു കൂട തന്നെ ഒരു പണിയെ നിശ്ചയിച്ചു കൊടുക്കയും ചെയ്തു.

അഭ്യാസൊപമ.

പണ്ടു ഒരു ഗുരുനാഥൻ ശിഷ്യന്റെ ദുഃഖവും തളൎച്ചയും കണ്ടു ചൊദിച്ചിത: പ്രിയ ശിഷ്യ! നിന്റെ ക്ലെശവും ക്ഷീണതയും കാണുന്നതുകൊണ്ടു, എനിക്കും മനൊതാപം ഉണ്ടു. അതിന്റെ ഹെതു കെൾപ്പിക്കെണം.

ശിഷ്യൻ. എനിക്ക ദിവസെന ശക്തിക്കു മീതെ വെല ചെയ്യാനുണ്ടു; ദൈവസഹായം ഉണ്ടാകകൊണ്ടത്രെ ഒരു വിധത്തിൽ കഴിച്ചു പൊരുന്നു. അങ്ങു ദയതൊന്നുകകൊണ്ടു വിവരിച്ചറിയിക്കാം.

നാൾ തൊറും ഞാൻ രണ്ടു കഴുക്കളെ അടക്കി വെക്കെണം.

പായുന്ന രണ്ടു മുയലുകളെ ഓട്ടത്തിൽ നിൎത്തണം.

രണ്ടു കാള കുട്ടികളെ പണി ശീലിപ്പിക്കെണം.

ഒരു സൎപ്പത്തിന്റെ വിഷപ്പല്ല പറിക്കെണം.

ഒരു സിംഹത്തെ അടക്കെണം.

ഒരു ദീനക്കാരനെ ശുശ്രൂഷിക്കെണം.

ഇവ നാൾ തൊറും ചെയ്യാൻ കല്പിച്ച വെലകൾ തന്നെ.

ഗുരുനാഥൻ. ഇത കെട്ടിട്ടു പുഞ്ചിരി പൂണ്ടു 'എൻ കുമാര! നിന്റെ ദുഃഖം വെറുതെ; ഇത്ര വെല ഒരു ദിവസത്തിൽ ആരും കല്പിക്കയില്ലല്ലൊ; ബുദ്ധിമയക്കത്തിൽ ഇങ്ങിനെ തൊന്നിയത.

ശിഷ്യൻ. അയ്യൊ മമ സ്വാമിൻ! ഇത തൊന്നലല്ല കാൎയ്യം അത്രെ. ആ രണ്ടു കഴുക്കൾ എന്റെ കണ്ണിണയാകുന്നു. അടക്കാഞ്ഞാൽ വെണ്ടാത്തത മൊഹിച്ചു കളയും, നിത്യ ഭാഗ്യഭ്രംശം വരുത്തും.

ആ രണ്ടു മുയലുകൾ കാലിന്നെ തന്നെ, ഓട്ടത്തിൽ നിൎത്താഞ്ഞാൽ ദ്രവ്യ മൊഹത്തിന്റെ ഉത്സാഹം കൊണ്ടു അന്യായ വഴികളിൽ ചാടും. അറാത ചെതം വരുത്തും.

പണിക്കായി ശീലിപ്പിക്കുന്ന മൂരി കുട്ടികൾ എന്റെ കൈകൾ തന്നെ. അവയുടെ പ്രയത്നം കൊണ്ടല്ലൊ എനിക്കും അനുജനും ഉപജീവനം ഉണ്ടാകുന്നത.

ആ വിഷ പാമ്പൊ, എന്റെ നാവത്രെ അതിനെ അടക്കാഞ്ഞാൽ അസഭ്യമുള്ളതും വ്യൎത്ഥമുള്ളതും പറകയും ദൂഷിക്കയും ശപിക്കയും ചെയ്യും. ചെറിയ അവയവമെങ്കിലും എത്ര വമ്പു കാട്ടുന്നു. ചെറിയ തീകനൽ പൊലെ വലിയ കാട്ടിനെ കത്തിക്കുന്നു, നാവു തീ തന്നെ!

പിന്നെ സിംഹമൊ, എന്റെ ഹൃദയമത്രെ. അതിനൊടു ദിവസെന പൊരുതാഞ്ഞാൽ അഹങ്കാരം, ഡംഭം, ക്രൂരത എന്നീവക ദുൎഗ്ഗുണങ്ങൾ എത്രയും വൎദ്ധിക്കും. അകമെയുള്ള ദൈവാത്മാവിന്റെ വെലയെയും വാസത്തെയും നശിപ്പിക്കയും ചെയ്യും.

പിന്നെ ശുശ്രൂഷിക്കുന്ന ദീനക്കാരൻ എന്റെ ശരീരം തന്നെ. അതിന്നു ചിലപ്പൊൾ ഉഷ്ണകാലം ചിലപ്പൊൾ ശീതകാലം അശെഷം പററാ. വിശപ്പും, ദാഹവും, ദീനവും, സൌഖ്യവും ഭെദം കൂടാതെ കാണുന്നുണ്ടു, അധികം കൊടുത്താൽ അജീൎണ്ണതയും കുറച്ചിൽ ആയാൽ ക്ഷയവും പററും. ഇന്നു പൂ പൊലെ ശൊഭിച്ചത നാളെ കൃമിക്കു ഇരയായ്തീരും. അയ്യൊ! ഈ അദ്ധ്വാനങ്ങൾ കൊണ്ടു ഞാൻ പലപ്പൊഴും തളൎന്നു പൊകുന്നു.

ഗുരു. ശിഷ്യന്റെ വാക്കു കെട്ടു വിസ്മയിച്ചും പ്രസാദിച്ചും കൊണ്ടു പറഞ്ഞിതു. മമ ശിഷ്യ! ഈ കാൎയ്യത്തിൽ നീ എന്റെ സഹൊദരൻ തന്നെ. ഭൂമിയിലുള്ള മനുഷ്യർ ഇപ്രകാരം തങ്ങളിൽ വാഴുന്ന ദൊഷം ദുശ്ശീലം മുതലായ അധമ കൎമ്മങ്ങളെ വെരുത്തു ജയിപ്പാനും, ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞു ചെയ്വാനും, ഉത്സാഹിക്കുന്നു എങ്കിൽ ഈ ഭൂമിയിൽ പിശാചിന്റെ വാഴ്ച അന്തരിച്ചു നീതിയും, സത്യവും നിറഞ്ഞിരിക്കുന്ന ദൈവരാജ്യം ഉളവാകും. പൊർ കൂടാതെ ജയവുമില്ല.

നടപ്പു ദീനത്തിന്നായി ഉപകാരമുള്ള

ഔഷധക്രമം.

ചുക്ക	കഴഞ്ച	൩
കറയാമ്പു	,,	൩
ഇലവങ്ങത്തൊൽ	,,	൩
ജാതിക്ക	,,	൩
ഗാന്ധാരിമുളക. അല്ലെങ്കിൽ കപ്പൽ മുളക	,,	൩

ഈ പറഞ്ഞ അഞ്ചു വിധം മരുന്നുകളെ നന്നായി ചതച്ചു ചെൎത്തു, ഒരു കുപ്പി നല്ല ബ്രാണ്ടിയിൽ പൊതിൎത്തു വെച്ചു, അരമണിക്കൂറവരെ നന്നായി കുലുക്കിയ ശെഷം ഊറുവാൻ വെക്കെണം പന്ത്രണ്ടു മണിനെരം കഴിഞ്ഞാൽ, ഉപയൊഗത്തിന്നു തക്കതായ്തീരും

ഉപയൊഗക്രമം.

ഒരാൾക്കു നടപ്പുദീനം തുടങ്ങിയുടനെ രണ്ടു ഉദ്ധരണി (കരണ്ടി) മെൽ പറഞ്ഞ യൊഗത്തിൽ നിന്നു എടുത്തു അരസെർ ചൂടു വെള്ളത്തിൽ ചെൎത്തു സഹിപ്പാൻ

കഴിയുന്ന ചൂടൊടെ സെവിക്കെണം. ഒരു മണിക്കൂറ കഴിഞ്ഞിട്ടു ഭെദം ഇല്ല, എന്നു കണ്ടാൽ പിന്നെയും മുൻ പറഞ്ഞ പ്രകാരം ഒരിക്കലും കൂടെ കൊടുക്കാം എങ്കിലും അത്ര മിക്കവാറും വെണ്ടി വരുന്നില്ല. കൈകാൽ വലിച്ചൽ മാറുവാനും, രക്തം വൎദ്ധിപ്പിപ്പാനും, വിയൎപ്പു വരുത്തുവാനും, രൊഗിയെ കിടക്കയിൽ കിടത്തി, കരിമ്പടം കൊണ്ടു നല്ലവണ്ണം മൂടെണ്ടതാകുന്നു.

കുടിപ്പാനായി ഒരു സെർ അരി എഴ നാഴി വെള്ളത്തിൽ നല്ലവണ്ണം വെവിച്ചു, ആ വെള്ളത്തെ ചൂടാക്കിട്ടു രൊഗിക്കു കൂട ക്കൂട കുടിപ്പിക്കെണം.

ഈ മെൽ പറഞ്ഞ മരുന്നു ഒരൊരുത്തരും മുമ്പിൽ കൂട്ടി ഒരുക്കി സൂക്ഷിച്ചു വെച്ചാൽ ദീന സമയങ്ങളിൽ ഉപകാരമാകും.

THE CIVIL WAR IN NORTH AMERICA.

വടക്ക അമെരിക്കയിൽ നടന്ന പൊർ വിവരം.

വടക്ക അമെരിക്ക എന്നതെന്തു, എന്നു അറിവാൻ താല്പൎയ്യമുള്ളവൎക്കു ചുരുക്കത്തിൽ പറയാം.

നാം പാൎത്തു വരുന്ന ഈ ഭൂഗൊളത്തിൽ ആസ്യ, അമെരിക്ക, അപ്രിക്ക, യുരൊപ്പ, ഒഷെയാന്യ, എന്നീ അഞ്ചു പ്രധാന ഭൂഖണ്ഡങ്ങൾ ഉള്ളതിൽ മലയാളം ആസ്യാഖണ്ഡത്തിൽ പെട്ട ഹിന്തുസ്ഥാനത്തിന്റെ ഒരു ചെറിയ പങ്കത്രെ. നമ്മിൽ നിന്നു വടക്ക പടിഞ്ഞാറൊട്ടു യുരൊപ്പയും, നെരെ പടിഞ്ഞാറൊട്ടു അപ്രിക്കാ ഖണ്ഡവും, പിന്നെ ആ രണ്ടു ഖണ്ഡങ്ങളുടെ പടിഞ്ഞാറ, അതലന്തിക (Atlantic Ocean) കടൽ കടന്നിട്ടു, അമെരിക്കാ ഖണ്ഡവും കിടക്കുന്നു.

ഈ അമെരിക്കാഖണ്ഡത്തിന്നു തെക്കൻഅമെരിക്ക വടക്കെഅമെരിക്ക എന്നു രണ്ടു വലിയ പകുപ്പുകളുണ്ടു. വടക്കഅമെരിക്കക്കു പിന്നെയും കീഴ്പകുപ്പായിട്ടു, വടക്കെ തല നിന്നു തെക്കൊട്ടു പൊയാൽ, രുസ്സീയ അമെരിക്ക (Russian America) ബ്രിത്തീയ അമെരിക്ക (British America) ഐക്യസംരാജ്യം (United States) മെക്ഷിക്കൊ (Mexico) എന്ന രാജ്യങ്ങളും കാണുന്നു.

ഐക്യസംരാജ്യം എറക്കുറയ $2\frac{1}{2}$ വട്ടം ഹിന്തുസ്ഥാനത്തിലും, 530 പ്രാവശ്യം മലയാള ജില്ലയിലും വലിയതു. ഇത്ര പരപ്പെറുന്ന രാജ്യത്തിൽ എകദെശം 4,00,00,000 ആൾ മാത്രം പാൎക്കുന്നെങ്കിലും, കൊല്ലന്തൊറും യുരൊപ്പയിൽ നിന്നു അവിടെക്കു കുടിയെറുവാൻ അനെകർ പൊക കൊണ്ടു, ആൾത്തുക വെഗം പെരുകികൊണ്ടിരിക്കുന്നു. ആ നാട്ടിലെ മുഖ്യ നിവാസികൾ യുരൊപ്പ,(വിലത്തി,)യിൽ നിന്നു വന്ന വിലാത്തിക്കാരും, അപ്രിക്കാവിൽ നിന്നു കൊണ്ടു വന്ന കാപ്പിരികളും തന്നെ. സ്വദെശക്കാരായ ഇന്ത്യാനരും അല്പമെയുള്ളു. അവർ എറിയ ഭാഷകളെയും ഉപ ഭാഷകളെയും (dialects) സംസാരിക്കുന്നു. 50,00,000 കാപ്പിരികളിൽ മൂന്നിൽ രണ്ടംശം അടിമകളാകുന്നു.

ഈ ഐക്യ സംരാജ്യത്തിന്നു രാജാവില്ല. രാജ്യത്തിന്നു എകദെശം 40 കൂറുകളും, ഓരൊ കൂറിന്നു, (നാട്ടിന്നു,) ഓരൊ മൂപ്പനും ആലൊചന സഭയും ഉണ്ടു. മലയാളത്തി

ൽ ബ്രാഹ്മണർ പണ്ടെ കെരളവാഴ്ചയെ നടത്തുവാൻ മൂന്നൊ പന്ത്രണ്ടൊ കൊല്ലത്തെക്കു ഒരു രക്ഷാ പുരുഷനെ തെരിഞ്ഞെടുത്തതു പൊലെ, 40 നാട്ടിലെ ജനങ്ങൾ നന്നാലു ആണ്ടു കഴിഞ്ഞാൽ, ഒരു രക്ഷാ പുരുഷനെ വരിക്കുന്നു (President Washington) പട്ടണത്തിൽ വാഴിക്കും; രക്ഷാ പുരുഷനും ഒരാലൊചന സഭയും നാട്ടു ദൂതന്മാരും കാൎയ്യാദികളെ നടത്തും.

എന്നാൽ ചില കൊല്ലമായി രാജ്യത്തിന്റെ തെക്കെ നാടുകളിൽ കാപ്പിരികളായ അടിമകളെ കൊണ്ടു പരുത്തി, കരിമ്പു, കാപ്പി, മുതലായ കൃഷികളെ നടത്തുന്ന കുടിയാന്മാൎക്കും, അടിമകളെ എല്ലാം വിടുതലാക്കെണം എന്ന പക്ഷം നടത്തുന്ന വടക്കൎക്കും നല്ല പൊരുതിയില്ലാത്തതു. തെക്കർ പിന്നെയും പിന്നെയും വടക്കരൊടു ന്യായത്തിൽ തൊററു, അടിമകളെ വിടുവാൻ മനസ്സില്ലാഞ്ഞ ശെഷം, കൌശല ബലാല്ക്കാരങ്ങളാൽ അവരിൽ നിന്നു പിരിഞ്ഞു പൊകെണം എന്നു കരുതി കൊണ്ടു, ൧൦൩൬ാം കൊല്ലത്തിൽ വടക്കർ ഒന്നും വിചാരിയാത്ത സമയത്തു തെക്കെ നാടുകളിലെ കൊട്ട ആയുധശാല പട പൊൎക്കപ്പലുകളെ കൈക്കലാക്കി, തുമ്പു അറുത്തു, സ്വന്ത രാജ്യം ഉണ്ടാക്കി, പൊരുത്തുക്കാർ എന്ന പെർ തങ്ങൾക്കു ഇട്ടു, റിച്ച മൊന്ത (Richmond) പട്ടണത്തിൽ തങ്ങൾക്കായി ഒരു രക്ഷാ പുരുഷനെ വാഴിച്ചു, വടക്കരൊടു പട വെട്ടുവാൻ ഒരുമ്പെട്ടു. അന്നു വടക്കൎക്കു ഉടമ്പടിക്കാരും (Federals) തെക്കൎക്കു പൊരുത്തുക്കാരും (Confederates) എന്നു പെരുകളവായതു. ഉടമ്പടിക്കാരുടെ രക്ഷാ പുരുഷനായ അബ്രഹാം ലിങ്കലൻ (Abraham Lincoln) വഷിങ്കതനിലും, പൊരുത്തുക്കാരുടെ രക്ഷാ പുരുഷനായ ജെഫർസ്സൻ ദെവിസ്സ (Jefferson Davis) റിച്ച മൊന്തിലും വാണു.

൧൦൩൬ാമതിൽ ഇരുവകക്കാരുടെ നില്പു എങ്ങിനെ എന്നാൽ: ഉടമ്പടിക്കാരുടെ പക്ഷത്തിൽ ഭൂമി, ആൾ, പണം, മുതലായതു ഏറിയതു; പൊരുത്തുക്കാരുടെ പക്ഷത്തിൽ അടിമകൾ ഉള്ള നാടെല്ലാം ചെരുക കൊണ്ടു, ൩൦,൦൦,൦൦൦ വെള്ളക്കാർ മാത്രം എങ്കിലും, പുഷ്ടിച്ച രാജ്യവും, ഏറിയ കൊട്ടകളും പൊൎക്കപ്പലുകളും, സമൎത്ഥതയുള്ള പടനായകന്മാരും, തന്റെടത്തിന്നു വീൎയ്യത്തൊടു പൊരാടുന്ന പടയാളികളും ഉണ്ടായതു.

൧൦൩൬-൧൦൪൦ാം കൊല്ലം വരെ ഉൾപൊർ ഇടവിടാതെ നടന്നു, തൊല്മ്വെററികൾ മാറി മാറി കൊണ്ടു, നാലു വൎഷത്തിന്നകം ഉടമ്പടിക്കാൎക്കു ൨,൮൦,൪൮൦ ആളും, പൊരുത്തുക്കാൎക്കു ൪,൨൨,൨൪൪ ആളും യുദ്ധ ദീനങ്ങളാലും നഷ്ടമായി പൊയതു വിചാരിച്ചാൽ, പൊർ മുതിൎച്ച അല്പം ഇളെച്ചു പൊകാത്തതു ആശ്ചൎയ്യം അത്രെ. അതു വെണ്ട, തെക്കരുടെ നില്പു നൊക്കിയാൽ സങ്കടം തന്നെ. വടക്കർ അവരുടെ നാട്ടിൽ കടന്നു, അവരെ അനുസരിപ്പിപ്പാൻ വെണ്ടി പട വെട്ടിയതിനാൽ, കൃഷി കൈത്തൊഴിലുകൾ മുടങ്ങി പൊകയും, ഉള്ള തീൻ പണ്ടങ്ങളെ മിത്ര ശത്രുക്കൾ ചെലവഴിച്ചതിനാൽ, പഞ്ചം പലദിക്കുകളിൽ വാഴുകയും, ഏറിയവർ തൊക്കെടുക്കെണ്ടി വന്നതു കൊണ്ടു വീട്ടിലുള്ളവൎക്കു കഴിച്ചൽ കുറഞ്ഞു വരികയും ചെയ്തു. ഉടമ്പടിക്കാരുടെ പൊർകപ്പൽ അവരുടെ എല്ലാ തുറമുഖങ്ങളെ അടെച്ചു വെച്ചു, ചരക്കുകളെ ഇറക്കാത്താക്കുകയും, കാവൽ കൂട്ടാക്കാതെ പുറപ്പെട്ട കച്ചവടകപ്പലുകളിൽ നിന്നു ആയിരത്തിൽ പരം പിടിച്ചു, ആഴ്ത്തികളകയും ചെയ്തതിനാൽ, ചൊല്ലററ നഷ്ടം നെ

രിട്ടു. ഇപ്രകാരം പല സംഗതികളാൽ വരാഴിക കുറഞ്ഞു, മുട്ടും ദാരിദ്ര്യവും പരന്നു. ഠരം യുദ്ധം തൊട്ടു ഹിന്തുസ്ഥാനത്തിൽ പരുത്തികൃഷി ഏറുകയും, പരുത്തിയുടെയും തുണിചരക്കിന്റെയും വില നന്ന പൊന്തി പൊകയും ചെയ്തു.

ഉടമ്പടിക്കാരുടെ നാട്ടിൽ ആദിയിൽ ഏറ അല്ലൽ ഇല്ലെങ്കിലും, ക്രമത്താലെ സങ്കടം വൎദ്ധിച്ചു. മുമ്പെ ഒരൊ പണി നടത്തിയ വ്യ ലക്ഷം പുരുഷന്മാർ പട്ടു പൊയതിനാൽ, പല പണിക്കു ആൾ പൊരാതെ വന്നു. അതിഭാരമായ നികുതി കല്പിച്ചതു മല്ലാതെ, ഉടമ്പടിക്കാർ ഏതു പുരുഷനെ കൊണ്ടും കഴിയുന്നെടത്തൊളം തൊക്കു എടുപ്പിക്കും. പട്ടാളത്തിൽ പുതിയ ആൾ ചെൎക്കെണം എന്ന കല്പന ആകുന്തൊറും ഏറിയ വിലാത്തിക്കാർ മുതലിൽ നഷ്ടപ്പെട്ടിട്ടും സംസാരത്തൊടും കൂട വിലാത്തിക്കു മടങ്ങി പൊയി; പല പല യൌവനക്കാർ ഗ്രാമനഗരങ്ങളിൽനിന്നു ഒളിച്ചു പൊയ്ക്കളകയും പിന്നെ സൎക്കാരാളുകൾ ഗൃഹസ്ഥന്മാരെ കൊണ്ടു വളരെ പണം കൊടുപ്പിച്ചിട്ടു, അവരെ ഒഴിപ്പിച്ചു; ചെവകപ്രായരായ യൌവനക്കാരെ കണ്ടാലൊ ൨൦൦൦-൩൦൦൦ ഉറുപ്പിക കൊടുത്തിട്ടു ഒരു വതിലാളനെ ആക്കെണം, അല്ല തെററു കൂടാതെ പട്ടാളത്തിൽ പൊകെണം. ഉടമ്പടിക്കാരുടെ കച്ചവടം തടവു കൂടാതെ നടന്നു എങ്കിലും, പൊരുത്തുക്കാരുടെ പൊൎക്കപ്പൽ ഹിന്തുസ്ഥാനം ചീനം മുതലായ രാജ്യങ്ങളൊളം ഉടമ്പടിക്കാരുടെ കച്ചവടക്കപ്പലുകളെ തെടി, കാണുമ്പൊൾ കണക്കിൽ ആക്കിക്കളയും.

യുരൊപ്പയിലെ രാജാക്കന്മാർ ഠരം രണ്ടു കക്ഷിക്കാർ തങ്ങളുടെ അന്യായം രാശിയാക്കെണം എന്നു ആഗ്രഹിച്ചിട്ടും, പൊരിൻ തീപ്പൊരികൾ തങ്ങളുടെ നാട്ടിൽ തെറിച്ചു, പൊതുവായ യുദ്ധം വരരുതു എന്നു വെച്ചു, ആൎക്കും പിന്തുണയെങ്കിലും തടവെങ്കിലും ആയി നിന്നിട്ടില്ല. ഉടമ്പടിക്കാർ വലിയതും വക ഏറുന്നതുമായ പക്ഷം ആകയാൽ, പൊരുത്തുക്കാരെ ഞെരിച്ചു കളയാം എന്നും, പൊരുത്തുക്കാർ സമൎത്ഥത പൊരുമ പിടിത്തം കരുത്തു ഇവററാൽ അമരാതെ, ഒടുക്കത്തിൽ ജയവും തന്റേടവും സമ്പാദിക്കാം എന്നു വിചാരിച്ചു, കീഴക്കടയുള്ള തട്ടുകെട്ട നാശങ്ങളെ കൂട്ടാക്കാതെ വാശി പിടിച്ചു, കഴിഞ്ഞ (൧൦൪൦) കൊല്ലത്തിലും പൊരിന്നു മുതിൎന്നിരുന്നു. അന്നു ഉടമ്പടിക്കാരുടെ കാൎയ്യം ശൊഭിപ്പാൻ തുടങ്ങി. പൊരുത്തുക്കാർ മുഖ്യ സൈന്യബലങ്ങളെ റിച്ചുമൊന്തു പെതർസ്സബുൎഗ്ഗ (Petersburg) എന്നീ പട്ടണങ്ങളിൽ ചെൎത്തിട്ടു, അവിടെ നിന്നു അടുത്ത വഷിങ്ങതൻ രാജധാനിയെ കൈക്കലാക്കുവാൻ ഭാവിച്ചു. ഉടമ്പടിക്കാർ കിഴക്കും തെക്കും കടൽവഴിയായും, വടക്കും പടിഞ്ഞാറും കരവഴിയായും പൊരുത്തുക്കാരെ വലെച്ചു കുഴെപ്പിപ്പാൻ ശ്രമിച്ചു.

൧൦൪൦ാം കൊല്ലം ൨൧ാം ദിസെമ്പ്രമാസം ഉടമ്പടിക്കാർ സവന്ന പട്ടണത്തെയും (Savannah in Georgia) ൧൫൦ പീരങ്കിതൊക്കും പൊൎക്കൊപ്പും ൩൦,൦൦൦ കെട്ടു പരുത്തിയും പിടിച്ചു എങ്കിലും, വിൽമിങ്ങതൻ (Wilmington) പട്ടണത്തിന്റെ മുമ്പാകെ തൊററു പൊകയും, ൧൦൦ റാത്തൽ ഉള്ള ഉണ്ടകളെ എറിയുന്ന പീരങ്കികപ്പത്തൊക്കു പൊട്ടി തെറിച്ചതിനാൽ, തങ്ങൾക്കു ഒരൊ നഷ്ടം നെരിടുകയും ചെയ്തു.

ജനവരിമാസം ൧൩-൧൫- ഉടമ്പടിക്കാർ പൊരുത്തുക്കാരുടെ കൈയ്യിൽനിന്നു ഫിഷർ (Fisher) എന്ന ബലത്ത കൊട്ടയെ പിടുങ്ങുവാൻ പ്രയാസപ്പെട്ടു. ആ കൊട്ട ഫീർ പുഴയുടെ (Fear River) അഴിമുഖത്തടുത്ത മുനമ്പിൽ കെട്ടി കിടക്കുന്നു. ഉടമ്പടിക്കാർ കടലിൽനിന്നു ഇരിമ്പുചുറ പൊൎക്കപ്പലുകളെയും (Iron-clads) മരപ്പൊ

ക്കപ്പലുകളെയും കൊണ്ടു ൨൮,൦൦൦ ചട്ടിപ്പീരങ്കി ഉണ്ടകളെ ചില മണിക്കൂർ അകം അതിലെക്കെറിഞ്ഞു കളഞ്ഞ ശെഷം, മുനമ്പിൻ പുറത്തു ഒളിച്ച കാലാളുകൾ സിംഹധൈൎയ്യം കാട്ടി, കൊട്ടയെ കയറി പിടിച്ചു; പൊരുത്തുക്കാർ മുറം ശൗൎയ്യത്തൊടെ എതിൎത്തതിനാൽ ൰൮ കിടങ്ങും കൊത്തളങ്ങളും ആളും കൈക്കലാക്കുവാൻ ഏറിയ അദ്ധ്വാനം വെണ്ടി വന്നു.

ജനവരി ൨൪ാംനു. പൊരുത്തുകാർ അവ്വണ്ണം ജെംസ്സ പുഴ (James River) വക്കത്തു സിതി പൊയിന്തു (City Point) കൊത്തളങ്ങളെ ഉടമ്പടിക്കാരൊടു പിടിക്കെണ്ടതിന്നു ഇരിമ്പുച്ചുറ കപ്പലുകളെ അയച്ചിട്ടും, അവ ഉറച്ചു, അടുക്കുവാൻ കഴിയാത്തതിനാൽ, ശത്രു നന്നായി സൂക്ഷിക്കാത്ത കൊട്ടയെ കിട്ടിയതും ഇല്ല.

ഫിബ്രുവരിയിൽ ൩ാം നു ചില പൊരുത്തുക്കാർ രക്ഷാപുരുഷനായ ലിങ്കൊലൻ സാഹിബിനെ ചെന്നു കണ്ടു, സമാധാനന്യായങ്ങളെ ചൊദിച്ചിട്ടു തമ്മിൽ ഒത്തതുമില്ല.

ആ സമയത്തു ഉടമ്പടിക്കാർ തങ്ങൾ പിടിച്ച നാടുകളിൽ ഉണ്ടായ അടിമകൾക്കു വിടുതല വെണം എന്നു തീൎമ്മാനിച്ചിരിക്കുന്നു.

ഉടമ്പടിക്കാരുടെ പടനായകനായ ശൎമ്മൻ (Sherman) (വടക്കുനിന്നു തെക്കൊട്ടു പൊയിട്ടു) ബ്രെഞ്ചുവിൽ (Branchville) കൊലുമ്പിയ (Columbia) എന്ന പട്ടണങ്ങളെ പിടിച്ചു, ചാൎല്സ്തനൊടു അടുത്ത ശെഷം, പൊരുത്തുക്കാർ ഫിബ്രുവരിയിൽ ൰൭ാംനു ചാൎല്സ്തൻ (Charleston) പട്ടണത്തിന്നു തീയിട്ടു, ൨൦൦ പീരങ്കിതൊക്കുകളുടെ വെടിത്തുള അടച്ചു, ഏറിയ നാശം ഉണ്ടാക്കിയാറെ, കൊട്ടയെ രാത്രി സമയം ഒഴിച്ചു, പൊയ്ക്കളഞ്ഞു. പിറ്റെന്നാൾ ഉടമ്പടിക്കാർ കത്തുന്ന പട്ടണം കടന്നു.

ഫിബ്രു ൰൯ാംനു ഉടമ്പടിക്കാർ കരകടൽ വഴിയായി വിൽമിങ്തൻ (Wilmington) പട്ടണത്തൊടു പട വെട്ടി പിടിച്ചു, ഏറിയ പരുത്തി പുകയില മുതലായ ചരക്കുകളെ കൈക്കലാക്കി.

ഇങ്ങിനെ പൊരുത്തുക്കാരുടെ രാജധാനിയുടെ (രിച്ചമൊന്ത) തെക്കുള്ള കരപ്രദെശങ്ങളും കൊട്ടകളും ഒന്നൊടൊന്നു ഉടമ്പടിക്കാരുടെ കൈയ്യിൽ ആയതും, കഠൊരമായി അവരുടെ ശാസന നടന്നതുമല്ലാതെ, ഉടമ്പടിക്കാരുടെ പടനായകനായ ഗ്രാന്ത (Grant) സാഹിബിന്റെ കീഴിലുള്ള സൈന്യം രിച്ചമൊന്തിന്നടുത്ത പെതൎസ്സബൎഗ്ഗിൽ (Petersburg) പൊരുത്തുക്കാരുടെ പടനായകനായ ലീ (Lee) സാഹിബിന്റെ പട്ടാളത്തിന്നു വളരെ തൊന്തരവും കൊടുക്കയും, പടിഞ്ഞാററൻ കൂറിൽ പടനാകനായ ശെരിദാൻ (Sheridan) സാഹിബ നിരത്തു വഴികളെയും ഇരിമ്പു പാതകളെയും പിടിച്ചതുകൊണ്ടു, തീൻ പണ്ടങ്ങൾക്കു മുട്ടു വരുത്തുകയും ചെയ്തു. ജനരാൾ ലീ (പൊ:) തനിക്കു അടുത്തു നില്ക്കുന്ന ജനരാൾ ഗ്രാന്തിന്റെ (ഉട:) സഹായത്തിന്നായി പടിഞ്ഞാറു നിന്നു വരുന്ന ജനരാൾ ശൎമ്മനെ മടക്കുവാൻ വെണ്ടി പട്ടാളങ്ങളെ അയച്ചപ്പൊൾ, വഴിക്കൽ താമസിപ്പിച്ചു ഓരൊ ചെതം വരുത്തിയെങ്കിലും, ശൎമ്മൻ തടവു കൂട്ടാക്കാതെ ൪൦,൦൦൦ പടയാളികളുമായി ഗ്രാന്ത സാഹിബൊടു അടുത്തു. എന്നതു ജനരാൾ ലീ സാഹിബ കണ്ടപ്പൊൾ, തന്നെ ഒടുക്കുവാൻ വെണ്ടി തഞ്ചം നൊക്കി, പെതൎസ്സബൎഗ്ഗിന്നടുക്കെ കാത്തു നില്ക്കുന്ന ഗ്രാന്തിനെ ആട്ടുവാൻ പുറപ്പെട്ടു, മാൎച്ച 25ാംനു 2 ചെറിയ കൊട്ടകളെ കയറി പിടിച്ചിട്ടും, അന്നു തന്നെ ഒഴിച്ചു പട തിരിക്കെണ്ടി വന്നതു കൂടാതെ, പടനായകനായ ഗ്രാന്ത ലീ സാഹിബിനെ ആട്ടി, കിടങ്ങു കൊണ്ടു ഉറ

പ്പിച്ച ചില പാളയങ്ങളെ അവരുടെ പട്ടാളങ്ങളിൽ നിന്നു പിടുങ്ങി, ശത്രുവെ തള്ളെണ്ടതിന്നു തന്റെ പടകളെ രിച്ചമൊന്തൊളം നിരത്തി വെച്ചു.

മാൎച്ച 31ാംനു- പടനായകനായ ഗ്രാന്ത സായ്പിന്റെ സൈന്യത്തിൽ നിന്നു ചില പട്ടാളങ്ങൾ ചൊത്തചിറ്റാറെ കടക്കുന്നതിന്നിടയിൽ ജനരാൾ ലീ തന്റെ ആൾക്കാരെ കൊണ്ടു അവരെ മെരിട്ടി തിക്കിത്തിരക്കാക്കി കൊന്നും പിടിച്ചും പായിപ്പിച്ചാറെ, പടനായകനായ ഗ്രാന്ത സായ്പിനെ ചെരുവാൻ വരുന്ന ശെരിദൻ ജനരാൾ (ഉട:) സായ്പിന്റെ സൈന്യത്തെ കാററു മരം തകൎക്കുമ്പൊലെ ഞെരുക്കി, പാററി മടക്കുകയും ചെയ്തു. തൊററ ഇരു പടകൾക്കു തുണക്കാർ ഉണ്ടാകകൊണ്ടു രാവിഴമ്മുമ്പെ മുമ്പിൽ കൂട്ടി നിശ്ചയിച്ച പ്രകാരം ഗ്രാന്തു, ശെരിദൻ സായ്പമാർ തങ്ങളുടെ പട്ടാളങ്ങളെ അവിടവിടെ നിരത്തി ഉറപ്പിച്ചു വെച്ചു.

എപ്രിൽ ൧ാംനു- പടനായകനായ ശെരിദൻ സായ്പു പൊരുത്തുക്കാരുടെ അണിയുടെ ഒരു തലയെ എതിൎത്തു, കൊത്തളത്തിൽ നിന്നു ഓടിച്ചു ഇറുക്കമായി പിന്തുടൎന്നു വന്നിട്ടും, നടുപട ഉറുതിപ്പെട്ടതു കൊണ്ടു, അന്നെത്ത കാൎയ്യം തീൎന്നു. പിറെറ ദിവസത്തിലൊ (എപ്ര. ൨ാംനു-) പടനായകനായ ഗ്രാന്ത ൨൦ മൈൽ നീളമുള്ള തന്റെ പടയണിയെ എതിരെ നില്ക്കുന്ന പൊരുത്തുക്കാരുടെ അണിക്കു വിരൊധമായി ഇളക്കി. പൊരുത്തുക്കാരുടെ ഓരൊ കൊത്തളങ്ങളിലെ പീരങ്കികളിൽ നിന്നും അതിഭയങ്കരമാം വണ്ണം ചിമ്മാനത്തിന്നൊത്ത ഉണ്ടമഴ വൎഷിച്ചു വന്നിട്ടും, കൊട്ടകളുടെ ഇടയിൽ നിരത്തിയ പട്ടാളക്കാർ ചുവർ പൊലെ ഉറച്ചു നിന്നിട്ടും, ഉടമ്പടിക്കാർ മദിച്ച ആന കൂട്ടം എല്ലാം ഞെരിച്ചു ചവിട്ടിക്കളയും പ്രകാരം അണിയെ രണ്ടു തലക്കൽ പൊട്ടിച്ചു, ശത്രുവിന്റെ അണിയിൽ കൂടി തുടക്കുന്ന പ്രകാരം ചാടി, കൊത്തളങ്ങളെ പിടുങ്ങി, ശത്രു പട താറുമാറാക്കിക്കളഞ്ഞു. ആ ദിവസത്തിൽ ജനരാൾ ശെരിദൻ പെതൎസ്സബുൎഗ്ഗിലെക്കു പൊയതു, അവിടെയുള്ള പൊരുത്തുക്കാർ തടുക്കെണ്ടതിന്നു തന്നെ.

പൊരുത്തുക്കാരുടെ സൈന്യം ൬൫,000ത്തിൽ ആൾ ഏറിയതെങ്കിലും, ൨൫,000 പേരിൽ പട്ടതും ൨൫,000 വിലങ്ങിൽ ആയും പൊയതു കൊണ്ടു, ൨൫,000 ആൾ മാത്രം ശെഷിച്ചു എന്നും, ഠം വലിയ തൊൽവിയാൽ പെതൎസ്സബുൎഗ്ഗ, രിച്ചമൊന്ത എന്ന പട്ടണങ്ങളെ രക്ഷിച്ചു കൂട എന്നും പടനായകനായ ലീ (പൊ:) സായ്പു കണ്ടിട്ടു, മിഞ്ചിയ പടയുമായി രിച്ചുമൊന്തിൽ നിന്നു ഓടി പൊകെണം എന്നു തീൎമ്മാനിച്ചാറെ, രിച്ചുമൊന്തിലെ മൂപ്പന്മാരെ കൊണ്ടു വീടു ഒഴിയാതെ ബീർ, വീഞ്ഞു, ബ്രാണ്ടി, മുതലായ മദ്യങ്ങളുള്ള വീപ്പപെട്ടി കുപ്പികളെ തെരു വീഥികളിൽ ചാടിച്ചു, പൊട്ടിച്ചു, തകൎപ്പിച്ചും കൊണ്ടു, ഓകുകളിൽ ഒലിക്കുന്ന മദ്യത്തിന്റെ ചൂടിനാൽ കാററു മണെപ്പിച്ചു കളഞ്ഞു. അന്നു രാത്രി തന്നെ ജനരാൾ ലീ സായ്പു ൭൦൦റിൽ അധികം മാളികവീടുകൾക്കും എല്ലാ പാലങ്ങൾക്കും കപ്പലുകൾക്കും തീ കൊടുപ്പിച്ചിട്ടു, പടകൾ നഗരം ഒഴിക്കുവാൻ തുടങ്ങി. തെരുവീഥികളിൽ മദ്യം ചാടി കണ്ടാറെ പടയാളികൾ വെറിയന്മാരാവൊളം കുടിച്ചു, ചട്ടവും മൎയ്യാദയും വിട്ടു, ചില്ലുകളെ തകൎത്തു, പീടികകളിൽ കയറി വിലയെറുന്ന മുതൽ കവൎന്നു നശിപ്പിക്കയും ചെയ്യുതും ഒഴികെ "ഉടമ്പടിക്കാർ" പട്ടണം കടന്നു വരുമല്ലൊ! അവരിൽ ഏറിയവർ നശിക്ക

ട്ടെ! എന്നു വെച്ചു കൊട്ടയുടെ വാതുക്കലും വഴിയിലും കൂന്തൽ *(torpedo) എന്നൊരു വക മരുന്നുത്തിര ഇട്ടെച്ചു. എന്നാൽ പടനായകനായ വൈതസൽ (Weitzel) സായ്പിന്നു ഒററുണ്ടാകകൊണ്ടു, കടുമ്പകലത്തെ അതി സൂക്ഷ്മത്തൊടു രിച്ചുമൊന്തൊടടുത്തു, (എപ്രിൽ ൩ാംനു-) അഴകാന്ന ഏറിയ മാളിക വീടുകൾ പാളിക്കത്തി, തീത്തുകി എരിച്ചു, ചുവരുകൾ ഏങ്ങി വീണു മുഴങ്ങിയും, പൌരന്മാർ സന്തൊഷത്തിരക്കിൽ ആൎത്തു വിളിച്ചും പാഞ്ഞും വീണും കൊണ്ടു, പടയാളികൾ ആൎപ്പൊടും പടക്കൊട്ടൊടും പട്ടണം കടന്നു, കലക്കം അമൎത്തി ക്രമപ്പെടുത്തുകയും ചെയ്തു.

രക്ഷാപുരുഷനായ ലിങ്കൊലൻ കൂടെ ദ്രൊഹിച്ചു പൊയവരുടെ നഗരം കാണ്മാൻ വന്നിരുന്നു.

